

# *യാക്കോബായ സുറിയാനി സഭ*

# പെസഹാ വ്യാഴാഴ്ചയുടെ നമസ്കാര ക്രമം

***(പരിശുദ്ധ സഭയുടെ പ്രസിദ്ധീകരണങ്ങളിൽ നിന്നു പകർത്തിയത്)***

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ടൈപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചിട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

*പരിശുദ്ധ സഭയുടെ അടിസ്ഥാന സുറിയാനി നമസ്കാരഘടനകളുമായി പരിചയമുള്ളവരും, ഭാഷാ പ്രാവീണ്യമുള്ളവരുമായുള്ളവരുടെ സഹായം ഇതിലെ തെറ്റുകൾ തിരുത്തുന്നതിലേക്ക് വിനീതമായി അഭ്യർത്ഥിക്കുന്നു. വിവിധ പ്രസിദ്ധീകരണങ്ങളിൽ കാണുന്ന ചില വ്യത്യാസങ്ങളെ ആധികാരികമായി മനസ്സിലാക്കി വേ മാറ്റങ്ങൾ വരുത്തുക എന്നതാണ് ലക്ഷ്യം.*

SAMAJAM
Land of Midian, Since 2002 June 29th
PIECE OF WOOD IN MARAH
SAINT MARY'S JACOBITE MOVEMENT

*Type set by:* *Daniel B Daniel (Chev),*
*Initiator and founder of SAMAJAM, Land of Midian*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*Prepared and published in 2017 March*

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)

ഉള്ളടക്കം


പെസഹാ സന്ധ്യ ..... 3
പെസഹാ സൂത്താറാ നമസ്കാരം ..... 10
പെസഹാ പാതിരാ നമസ്കാരം ..... 15
പെസഹാ പ്രഭാതം ..... 45
പെസഹാ മൂന്നാം മണി ..... 60
പെസഹാ ആറാം മണി – ഉച്ച നമസ്കരം ..... 66
പെസഹാ ഒൻപതാം മണി നമസ്കരം ..... 69
പെസഹാ ഗീതം ..... 72
പെസഹാ ഗീതം – മറ്റൊരു പരിഭാഷ ..... 74

# മലങ്കര യാക്കോബായ സുറിയാനി സഭ
# പെസഹാ വ്യാഴാഴ്ചയുടെ നമസ്കാര ക്രമം

സന്ധ്യ

## <u>പ്രാരംഭ സ്തുതി</u>

✠

✠*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,*

തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

## പെസഹാ കൗമാ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറെക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു

വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്

കരുണചെയ്യണമെ... മൊറിയോ..

## എനിയോനോ

(ഹൗ ദഹവോ ബുഖ്റൊ .. പാതകി പോൽ )

യൂദർ തൻ - തുപ്പലതേറ്റിട്ടും
മാ-നവ കുറ്റം തീർത്തോനെ!
ദേവാ! ദയ ചെയ്തീടണമേ
തിരുസഭയിൽ പരിമള മുറോനാൽ
നൽ-സൗരഭ്യം ചേർത്തോനെ!
ദേവാ! ദയ ചെയ്തീടണമേ
നിൻ പാപം-മോചിതമെന്നേവം
പാ-പിനിയാളൊടു ചൊന്നോനെ!

ദേവാ! ദയ ചെയ്തീടണമേ
നിൻ ജനത-യ്ക്കേകുക ദയ നാഥ!
നിൻ-വക-യാമിവരെ വെടിയ
ദേവാ! ദയ ചെയ്തീടണമേ
പാപിനി തൻ-കണ്ണീർ കണ്ടതിനാൽ
അ-വൾ പാപം മോചിച്ചോൻ
ദേവാ! ദയ ചെയ്തീടണമേ
ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ
തിരുഹിതമായ് നിർമ്മിതമാസകലം
സ്തു-തി തേ, യർപ്പിക്കുന്നധുനാ
ദേവാ! ദയ ചെയ്തീടണമേ
കുറിയേലായിസോൻ

140, 141, 118:105-112, 116 മസ്മൂർകൾ

(140) കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടു നീ ഉത്തരമരുളണമേ. എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയിലെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കു കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ നിരോധിക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവു ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികിൽ അവരുടെ അസ്ഥികൾ ചിതറിപ്പോയി. കർത്താവേ! ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവച്ച പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെയും അധർമ്മികൾ സ്വന്തവലകളിൽ ഒരുമിച്ചു വീഴട്ടെ.

(141) ഞാൻ എന്റെ ശബ്ദത്തോടെ കർത്താവിനെ വിളിച്ചു. ഞാൻ എന്റെ ശബ്ദത്തോടെ കർത്താവി നോടു പ്രാർത്ഥിച്ചു. ഞാൻ തിരുമുമ്പാകെ സങ്കടം ബോധിപ്പിച്ചു. എന്റെ ഞെരുക്കം തിരുസന്നിധിയിൽ അറിയിച്ചു.

എന്റെ ആത്മാവ് വിഷാദിച്ചപ്പോൾ നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലൊ. എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്ക് കെണികളെ മറച്ചുവച്ചു.

ഞാൻ വലത്തുഭാഗത്തു സുക്ഷിച്ചു നോക്കി; എന്നെ അറിയുന്നവൻ ഇല്ല. ഓടി ഒളിക്കേണ്ടതിനു എനിക്കു സ്ഥലമില്ലാതെ പോയി. എന്റെ ആത്മാവിനു പകരം ചോദിക്കുന്നവനും ഇല്ല.

കർത്താവേ! ഞാൻ നിങ്കലേക്കു നിലവിളിച്ചു. നീ എന്റെ ശരണവും ജീവനുള്ളവരുടെ ദേശത്തു എന്റെ ഓഹരിയും ആകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ടു എന്റെ അപേക്ഷ സൂക്ഷിച്ചു കേൾക്കണമേ; എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട്; അവരിൽ നിന്ന് എന്നെ വിടുവിക്കണമെ.

ഞാൻ തിരുനാമം സ്തോത്രം ചെയ്യേണ്ടതിനു കാരാഗൃഹത്തിൽ നിന്നു എന്റെ ആത്മാവിനെ പുറപ്പെടുവിക്കണമെ; നീ എന്ക്കു പ്രതിഫലം നൽകുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ കാത്തിരിക്കും.

(118:105-112) തിരുവചനം എന്റെ കാലുകൾക്കു വിളക്കും എന്റെ വഴികൾക്കു പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള ന്യായങ്ങളെ ആചരിക്കാമെന്നു ഞാൻ ആണയിട്ടുറച്ചു. കർത്താവേ! ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമെ.

കർത്താവേ! എന്റെ വായിലെ വചനങ്ങൾ ഇഷ്ടപ്പെട്ട് നിന്റെ ന്യായങ്ങൾ എന്നെ പഠിപ്പിക്കണമെ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ തൃക്കൈകളിൽ ആകുന്നു. ഞാൻ നിന്റെ വേദപ്രമാണം മറന്നില്ല.

പാപികൾ എനിക്കായി കെണികൾ വച്ചു. ഞാൻ നിന്റെ കൽപനകളിൽ നിന്നും മാറിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷ്യത്തെ എന്നേക്കും അവകാശമാക്കി. എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു.

നിന്റെ പ്രമാണങ്ങൾ എപ്പോഴും സത്യമായി ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

(116) സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ; സകലജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവീൻ . എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു; താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനോ

(യൗമ്മോനോ - ഇന്നാൾ നിൻ കബറിങ്കിൽ )

ഇന്നാളിൽ-കീപ്പാ യോ-ഹന്നാന്മാരാം ശ്ലീഹർ പ്രേഷിതരാ-യ്
ഹിതമൊടു നമ്മുടെ-രക്ഷാ-യാഗമ-താകാൻ പെസഹാ
കുഞ്ഞാടതുമാ-മർമ്മാധിപനായ് പാകം ചെയ്തിവരും

ഇന്നാളിൽ ശിഷ്യന്മാരോ-ടറിയിച്ചാൻ ഗുരു പാരം മ-ർമ്മം
നിങ്ങളിലേകൻ-വിറ്റിട്ടെന്നുടെ വിലയതുവാങ്ങി
ക്കഷ്ടത വൈഷ-മ്യം നേടും-പൊലിയാ-തീയുമവൻ

ഇന്നാളിൽ-ശീമോൻ യോ-ഹന്നാന്മാർ
പോയ് പാവന പുരി തന്നിൽ
ബലി പൂജാദകൾ-പെസഹായിവ തൻ കർത്താവിന്നായ്
പാകം ചെയ്തേർ-മാളികയിൽ - മർമ്മം കൊണ്ടാടാൻ

ഇന്നാളിൽ വ്യഥയും മാലും പൂണ്ടേറ്റം - നിജ ശിഷ്യ സമൂ-ഹം
അഖിലേശൻ തൻ-കഷ്ടപ്പാടതു-ചൊന്നൊരു നേരം
നിങ്ങളിലേകൻ യൂദർക്കായ് - ചതിവായേൽപ്പിക്കും

മമ, ശിഷ്യൻ-കുടിലൻ ചതിയായ് വിറ്റെന്നെ വിലയും വാങ്ങീ-ടും
ഏവം ഗുരുവര-നരുളിച്ചെയ്തതു - കേട്ടതുമൂലം
ശിഷ്യർ പാരം-മനമുരുകി-ക്കൊണ്ടാർ സംഭ്രമവും
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സർവ്വേശൻ-സഭയെ പ്രതി-മാ-ലേറ്റതിനെ പിഴയിൽ നിന്നേ-റ്റി
ജന,മതിനിടയിൽ ഭിന്നത തർക്കം പാടെ പോക്കി
ട്ടെല്ലാ ദേശെ-സൗഭാഗ്യം - വാസം ചെയ്യിച്ചാൻ
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## പ്രുമിയോൻ

## കോലോകൾ

( ഏനോനൊ നുഹറൊ ശാറീറോ )

ഭോജന ശേ-ഷം ശിഷ്യഗണത്തോ-
ടുര ചെയ്താൻ ഗുരു നിജ കഷ്ടം
തൻ ചാരേ-മേവിന യോഹന്നാൻ
ഗുരുമാറൊടു ചേർന്നി-ദമോതി
ആരാണങ്ങേ-യേല്പിപ്പൂ?
ഗുരു തെളിവായേവം ചൊന്നു
എൻ കൂടെ കൈ മുക്കുന്നോൻ
വഞ്ചക യൂദന്മാർ കയ്യിൽ

വിറ്റെന്നെ വിലയും വാങ്ങും
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

പാവനമാം കൈത്തളിരിൽ കർത്തൻ
പരിചൊടു കാസ കൈക്കൊണ്ടു
സ്തോത്രത്തോ-ടതു വാഴ്ത്തിട്ടേകി-
ച്ചൊന്നിതു ശിഷ്യന്മാരോടായ്
ഇതു താനെന്നുടെ ജീവ നിണം
അഖിലരുമിതു പാനം ചെയ്-വിൻ
ഇതു കൈക്കൊൾവോരെല്ലാരും
ശാശ്വത മോക്ഷേ സാമോദം-
പാവന ജീവൻ പ്രാപിക്കും

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ ഗദ്യം***

ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർക്ക് തന്റെ കഷ്ടാനുഭവത്തെ വെളിപ്പെടുത്തി. അവരോട് തന്റെ നന്മയുടെ ഫലം ദർശിച്ച അക്രമികളിൽ നിന്ന് ആദാമ്യ വർഗ്ഗത്തിനവേണ്ടി താൻ പീഢകൾ സഹിക്കുവാനായിരിക്കുന്നുവെന്നും അന്യായക്കാരോടൊന്നിച്ച് സ്കീപ്പായിൽ കുറ്റം കൂടാതെ തന്നെ തറയ്ക്കുമെന്നും പറഞ്ഞു. തന്റെ ശ്രേഷ്ഠതയ്ക്കു സ്തുതി. തന്റെ നിത്യതയിൽ താൻ അതിർത്തിയില്ലാത്തവനായിരിക്കുമ്പോൾ സ്വയം വെറുമയാക്കി തന്നെത്താൻ താഴ്ത്തി. ന്യായസ്ഥലത്തുവെച്ച് തന്നെ കുറ്റം വിധിപ്പാൻ ദുഷ്ടന്മാർ തന്നെ പിടിച്ചു.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നിങ്ങളിൽ ഒരുവൻ എന്നെ യൂദജനത്തിന്നേലിപിച്ചു കൊടുക്കുമെന്നും ഞാൻ കഷ്ടതയും സ്കീപ്പായും സഹിക്കുമെന്നും നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാരുടെ അനുഗ്രീതസംഘത്തിനു ദഃഖമുണ്ടായി. വഞ്ചക ശിഷ്യനായ സ്കറിയോത്തായിൽ സാത്താൻ പ്രവേശിച്ചു. അവൻ ആചാര്യന്മാരുടെ അടുക്കൽ പോയി, അവർക്ക് തന്നെ ഏല്പിക്കുകയും അവന്റെ ആത്മഹത്യയ്ക്കുള്ള കയറിന്റെ വിലയായി മുപ്പതു വെള്ളിക്കാശ്, വാങ്ങുകയും ചെയ്തു.

<u>എത്രോ - ധൂപ പ്രാർത്ഥന</u>

<u>വീണ്ടും കോലോകൾ - കൂക്കോയോ</u>

പെസഹാ മുൻ ബുധനും വ്യാഴം-നാളു-കളു-ള്ളിൽ
ഗഹനമതാം മർമ്മം കർത്തൻ-പ്രേഷി-തരോടോതി
പാവന പുരിയിൽ നാമേറീടുന്നു
യൂദന്മാരാൽ പിടി പെട്ടീടും ഞാൻ
കല്പന ലംഘിച്ചടിപെട്ടോ-നാദാം-പേ-ർക്കായ്
കുരിശഗ്രേ,യീ നരജാതൻ-തൂക്ക-പ്പെട്ടീടും
ഹാലേലുയ്യ-പുനരേദൻ പൂകാൻ
*ബാറെക്മോർ - ശുബഹോ*
പെസഹാ മുൻ ബുധനും വ്യാഴം-ഈ നാ-ളുകളിൽ
ദൈവാത്മജനെതിരെ യൂദർ-ചതി, യാലോചിച്ചാർ
വൻ പെരുന്നാളിൽ കടു കൊലചെയ്തീടാൻ
പ്രവചനമോതി-ച്ചതിയൻ കയ്യാപ്പാ
ജനമാകെ മുടിയാതേകൻ-സർവ്വ-ർ-ക്കും വേണ്ടി
മൃതി ചേരുന്നതു താനുചിതം-ഒത്തി-തിനെല്ലാനും
ഹാലേലുയ്യാ - ഈശനെ നിഹനിപ്പാൻ

<u>ബോത്തെദ്ഹാശൊ</u>

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ!

വലഭാഗത്തു-ള്ളാട്ടിൻ കൂട്ടം
ഈ നിശയിങ്കൽ-സംഭ്രമമാർന്നാർ
  ചിന്തനമറിവോൻ ചൊന്നീ രഹസ്യം
നിങ്ങളിലേകൻ-യൂദർക്കെന്നെ
ചതിവായൊറ്റി-കാണിച്ചീടും

ഈ നിശയിങ്കൽ-വഞ്ചക യൂദാ
യൂദർ പക്കൽ-സമ്മതമേകി
  രുധിരാലുലകം രക്ഷിപ്പോനെ
വിലയായ് മുപ്പതു-വെള്ളിയുമൊത്തി
ട്ടേല്പിച്ചീടാൻ-തക്കം നോക്കി

സർവ്വത്തിന്നും-കർത്തൻ പേർക്കായ്
പാകം ചെ-യ്താർ-പെസഹാ മേഷം
  വെളിപാടാലും ഉപമകളാലും
പരികർമ്മികളും - നിബിയന്മാരും
സുതനായ് ചൊന്ന-കർമ്മം ചെയ്-വാൻ

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ!

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

**അല്ലങ്കിൽ - ഗദ്യം**

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഈ സന്ധ്യയിൽ വലത്തേതിന്റെ മക്കളായ നിർമ്മലകുഞ്ഞാടുകൾ പരിഭ്രമിച്ചു. നിങ്ങളിലൊരുവൻ എന്നെ യൂദകുലത്തിന് ഏൽപിച്ചു കൊടുക്കുമെന്നുള്ള രഹസ്യ മർമ്മത്തെ താൻ അവർക്കു വെളിപ്പെടുത്തി.

ഈ സന്ധ്യയിൽ വഞ്ചകനായ യൂദാ തന്നെയേൽപ്പിച്ചു കൊടുക്കുവാൻ അവസരം ഉണ്ടാക്കുന്നതിനായി അന്യായക്കാർക്ക് അടയാളം കൊടുത്തിരുന്നു. തന്റെ രക്തത്താൽ നമ്മെ വാങ്ങിയ രക്ഷകന്റെ വിലയായി മുപ്പതു വെള്ളിക്കാശ് അവൻ പറഞ്ഞൊത്തു.

കർത്താധികർത്താവായ തനിക്ക് അവർ പെസഹാ ഒരുക്കി. തങ്ങളുടെ വെളിപാടുകളാലും രഹസ്യങ്ങളാലും പുത്രനെ സൂചിപ്പിച്ചിരുന്ന എല്ലാ ദർശനക്കാരുടെയും നിബിയന്മാരുടെയും മഹാപുരോഹിതന്മാരുടെയും രഹസ്യങ്ങൾ താൻ നിവർത്തിച്ചു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>മോർ അപ്രേമിന്റെ ബോവൂസൊ</u>

ഞങ്ങൾക്കായുളവായൊരു നിൻ
  ബഹു കഷ്ടതയാൽ കൃപ ചെയ്ക
  നിൻ ഹാശായിൻ കഷ്ടതയാൽ
  നേടണമവകാശം - രാജ്യേ

*ദേവാ! ദയ-യുണ്ടാകേണം*
*നാഥാ! കൃപ തോന്നേണമൻപാൽ*

യൂദപ്പെസഹാ തന്നന്ത്യ-
പ്പെരുന്നാളാഗത-മായപ്പോൾ
ഹിതമൊടു ദൈവക്കുഞ്ഞാടും
സജ്ജമതായി സ്വ-യമേവാ
*ദേവാ! ദയ-യുണ്ടാകേണം ...*

സഭയാം താണൊരു പരനോടായ്
ശിഷ്യന്മാർ സാദരമോതി
അങ്ങേയ്ക്കെവിടെ പെസഹായെ
ഞങ്ങൾ പാകം ചെ-യ്യേണ്ടു
*ദേവാ! ദയ-യുണ്ടാകേണം ...*

നിബിയന്മാർ സൂചിപ്പിച്ച
മർമ്മ, മതീ സദനെ തികയും
ജാതികൾതൻ പുണ്യത്തിന്നാ-
യാകും ഞാനതിലൊരു-യാഗം
*ദേവാ! ദയ-യുണ്ടാകേണം ...*

ആദിമുതൽ ഞാനാർജ്ജിച്ച
സഭ വരണ-മിതിവിടെ ചെയ്-വേൻ
സ്ത്രീധന-മെന്നമല-നിണത്താ-
ലെഴുതും ഞാനീ സദന-ത്തിൽ
*ദേവാ! ദയ-യുണ്ടാകേണം ...*

ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം - രാജ്യേ
*ദേവാ! ദയ-യുണ്ടാകേണം*
*നാഥാ! കൃപ തോന്നേണമൻപാൽ*

**ഏവൻഗേലിയോൻ**

***(പെസ്ഗോമോ)***

ഹാലേ.... ഹാലേ.... വൈരിസമൂഹമെനിക്കെതിരായ് മന്ത്രിച്ചു -
ദോഷം ചെയ്-വാനവരാലോചിച്ചു ഹാലേ......

വി.യോഹന്നാൻ 7:37 - 52, 8 : 12 - 20

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

***പെസഹായുടെ കൗമാ***

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ (മൂന്നു പ്രാവശ്യം)

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,

ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറക്മോർ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

**സൂത്താറാ നമസ്കാരം**

പെസഹായുടെ കൗമാ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയമ്ശിഹാ
മോദി-പ്പിച്ചരുളുക കൃപനിൻ, പെസഹായാൽ (മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## <u>പ്രുമിയോൻ</u>

### <u>കോലോകൾ - കൂക്കോയോ</u>

വ്യാഴത്തിന്നാൾ മാളികയിൽ നാഥൻ പൂ-കി
ചതിയൻയൂദായെവിളി ചെ-യ്തേറ്റിപ്പന്തിയതിൽ
കൂടെ ഭുജിച്ചോൻ വാളിൻ വായ് തേച്ചു
വായിൽ ചിരിയും കരളിൽ വഞ്ചനയും
പുറമേ, യാടകമേ ചെന്നായ്-ക്രൂശ-കരൊ-പ്പം
ചതിയനെ, യറിവോടനുവദിച്ചോൻ- ഗുരുനാഥൻ വന്ദ്യൻ
ഹാലേലൂയ്യാ - ഉ - ഹാലേലൂയ്യാ
*ബാറെക്മോർ - (ശുബഹോ..) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഏറ്റം നല്ലൊരു മാതൃകയെ - വാഴ്ത്തിൻ ദിവസം
കർത്തൻ ചെയ്തതു സഹചരരേ - യേല്പി-ച്ചാൻ ഭദ്രം
കല്പിച്ചേവം; ചൊന്നാനവരോടായ്
ഈ ദൃഷ്ടാന്തം നിങ്ങൾക്കായ് ചെയ്തേൻ
നിങ്ങളുമിതുപോൽ ചെയ്തിടുവിൻ - വിനയ - ത്തൊ - ടെ
മമ, ശിഷ്യന്മാരെന്നിതിനാ-ലെല്ലാ-വനു, മറിയും
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ

***അല്ലങ്കിൽ ഗദ്യം - കോലോകൾ***

ഈ വ്യാഴാഴ്ച ദിവസം നമ്മുടെ കർത്താവ് മാളികയിലേക്ക് പ്രവേശിച്ചു. വഞ്ചകനായ യൂദായെ വിളിച്ച് ഭക്ഷണത്തിനുരുത്തി. അവൻ അപ്പം തിന്നുകയും കത്തി മിനുക്കുകയും ചെയ്തു. അവന്റെ വായിൽ ചിരിയും ഹൃദയത്തിൽ കയ്പ്പും ഉണ്ടായിരുന്നു. അവൻ പുറമേ കുഞ്ഞാടും അകമെ ചെന്നായും ആയിരുന്നു. അവന്റെ വഞ്ചനയെ അറിഞ്ഞ് അവന്റെ കൂട്ടുകാരിൽ നിന്ന് അവനെ വേർതിരിച്ചവന് സ്തുതി. ബാറെക്മോർ

ഈ പുതിയ വ്യാഴാഴ്ച ദിവസം നമ്മുടെ കർത്താവ് നല്ലതും അഴകേറിയതുമായ മാതൃക തന്റെ ശ്ലീഹന്മാരെ ഏല്പിച്ചു. നിങ്ങളുടെ മുമ്പാകെ ഞാൻ കാണിച്ചിട്ടുള്ള ഈ ദൃഷ്ടാന്തം വിനയപൂർവ്വം പ്രവർത്തിപ്പിൻ. ഇതിനാൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയുമെന്ന് അവരോട് കല്പിച്ചരുളുകയും ചെയ്തു.

<u>ബോത്തെദ്ഹാശൊ</u>

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം - ധന്യം നാഥാ!

നല്ലോൻ സ്വയമേ - വന്നു കൊലയ്ക്കായ്
ഇസഹാക്കിന്റെ - ബലിനിറവേറ്റി
ഗോഗുൽത്തായിൽ സുതനർപ്പിതനായി
മേഷാലിസഹാക്ക്-മോചിതനാതയുപോൽ
ആദാം പതിതർ-സുത ബലിയാലും

ശപ്തന്മാരും-യൂദക്കൂട്ടം
ഈ വൻനാളിൽ-ചതി പണി ചെയ്താർ
സ്കറിയോത്തായ്ക്കായ് കോഴയെ നൽകി
വാഗ്ദത്തംപോൽ-ഗുരുവേയൊറ്റി-
ത്തൂങ്ങാൻ പാശം-കൊണ്ടാൻ യൂദാ

ശീമോൻ കീപ്പാ-യോഹന്നാനും
ഇന്നേ ദിവസം-പോയരുളാലെ
ശിഷ്യർകൂടെ പെസഹായുണ്ട്
പഴമയെ നീക്കും-കർമ്മം ചെയ്-വാൻ
ഗുരുവിനു മേഷം - പാകം ചെയ്താർ

നിൻവിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ
*മൊറിയോറാഹേമേലെൻ ഉ ആദാറെൻ*

***അല്ലങ്കിൽ - ഗദ്യം***

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു

ഉത്തമനായ താൻ കൊലയ്ക്ക് ഏല്പ്പിക്കപ്പെടുകയും യിസഹാക്ക് സൂചിപ്പിച്ച രഹസ്യങ്ങൾ നിവർത്തിക്കുകയും ചെയ്തു. ഗോഗുൽത്താമേൽ സ്വയം ബലിയായി അർപ്പിച്ചു. യിസഹാക്കിനെ കത്തിയിൽ നിന്ന് രക്ഷിക്കുകയും ആദാമിനെ വീഴ്ചയിൽ നിന്ന് എഴുന്നേൽപ്പിക്കുകയും ചെയ്തു.

ഈ പെരുന്നാളിൽ യൂദന്മാരായ ശപിക്കപ്പെട്ട ജനം വഞ്ചന പ്രവർത്തിച്ചു. അവർ സ്കറിയോത്തായ്ക്കു ദ്രവ്യം നൽകി. അവൻ അവരോട് കരാർ ചെയ്ത് സ്വന്തം ഗുരുവിനെ ഏല്പിച്ചുകൊടുത്തു. അവന്റെ വ്യാപാരം ആത്മഹത്യയായി പരിണമിക്കുകയും ചെയ്തു.

ഇന്നേദിവസം ശിഷ്യന്മാരായ ശെമഒാനും യൂഹാനോനും അയയ്ക്കപ്പെട്ടു. ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ആസ്വദിപ്പാൻ രഹസ്യങ്ങളുടെ നാഥനായി അവർ കുഞ്ഞാടിനെ ഒരുക്കി.

കർത്താവേ നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലെൻ ഉ ആദാറെൻ*

<u>മോർ യാക്കോബിന്റെ ബോവൂസൊ</u>

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനെ!
പ്രാർത്ഥന കേട്ടിട്ടാത്മക്കളിലമ്പുണ്ടാകേണം. ദേവാ! ...
ഉത്സവമതിനുടെ മുന്നാൾ മുമ്പായി മ്ശിഹാ വന്നു
അർപ്പിതനിസഹാക്കിനു സാദ്ധ്യമായതു - നിറവേറ്റീടാൻ
മൂന്നാം നാളിസഹാക്കിൻ ബലിയതു - സാധിതമാക്കി
ഈ ദൃഷ്ടാന്തം - രക്ഷക കൃതിയിൽ നിറവേറുന്നു ദേവാ! ...
ഹതനായ് കർത്തൻഹിതമതിലത്രെ പ്രകൃതിയിലല്ല
ഉണ്മയിലല്ല-മാനവ പ്രകൃതിയിൽ മ്ശിഹാ! ഗതനായ്

വിറകി-സഹാക്കും നിജയാഗത്തിനു പേറിപ്പോയി
ഈശോ താനും നിജതോളിന്മേൽ-കുരിശു വഹിച്ചു ദേവാ! ...
പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരേ നിങ്ങളെ നിലയം സർവ്വം ശൂന്യം ദേവാ! ...

***അല്ലങ്കിൽ - ഗദ്യം***

കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

പെരുന്നാളിനു മൂന്നുദിവസങ്ങൾക്കുമുമ്പ് മ്ശിഹാ തമ്പുരാൻ വന്നു. യിസ്ഹാക്കിന്റെ ദൃഷ്ടാന്തം താൻ നിവർത്തിച്ചു. യിസ്ഹാക്കും കൊലയ്ക്കായ് മൂന്നു ദിവസത്തെ യാത്രചെയ്യുകയും രക്ഷകനെ ഭര മേല്പ്പിക്കുന്ന പ്രകാരം രഹസ്യത്തെ ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവു കൊല്ലപ്പെട്ടത് തിരുഹിതപ്രകാരം ആയിരുന്നു, സ്വഭാവപ്രകാരമായിരുന്നില്ല. മ്ശിഹാ മരിച്ചതും തന്റെ മനുഷ്യത്വത്തിലാകുന്നു. തന്റെ സാരാംശത്തിലല്ല. യിസ്ഹാക്ക് അവന്റെ ബലിക്കായി കൊലയ്ക്കുള്ള സാധനങ്ങൾ വഹിക്കുകയും പുത്രൻ തോളിൽ വഹിച്ച സ്ലീബായെ ഉപമിക്കുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കുറിയേലായിസ്സോൻ .. കുറിയേ... കുറിയേ ..

**91-ാം മസ്മൂർ 121-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)**

(91) ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ (മനുഷ്യാ)!

ബാറെക്മോർ. നീ കർത്താവിനോടു എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും (നീ ആകുന്നു) എന്നു പറയുക.

എന്തെന്നാൽ താൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. തന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തേയും, പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തേയും ഉച്ചയിൽ ഊതുന്ന കാറ്റിനേയും ഭയപ്പെടേണ്ട.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതുഭാഗത്തു പതിനായിരങ്ങളും വീഴും,

അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലൊ നീ സ്വന്ത കണ്ണുകൾകൊണ്ടു നോക്കി ദുഷ്ടന്മാർക്കുള്ള പ്രതിഫലം കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്ന് അവൻ നിന്നെക്കുറിച്ചു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാൽ ഇടറാതിരിപ്പാൻ അവരുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തേയും ഹർമോനൊ സർപ്പത്തേയും നീ ചവിട്ടും സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും. അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറയും. ആപത്തുകാലത്ത് ഞാനവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തുകയും ബഹുമാനിക്കുയും ചെയ്യും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കയും ചെയ്യും.

(120) ഞാൻ പർവ്വതത്തിലേക്കു എന്റെ കണ്ണുകളെ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും?

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

താൻ നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു വലങ്കൈകൊണ്ടു നിന്നെ ചൂടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. താൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും

**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.**

ഹാലേലുയ്യാ  ഉഹാലേലുയ്യാ ഉ ഹാലേലുയ്യാ,
മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ

## മോർ സേവേറിയോസിന്റെ അപേക്ഷ

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ നിന്റെ കരുണയിൽ ചിറകുകളുടെ നിഴലിൽ കീഴിൽ ഞങ്ങളെ മറച്ച്, ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മിശിഹാ! നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ

നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമേ.

**പെസഹാ കൗമ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ
മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും

ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഒക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഎ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വിശ്വാസ പ്രാമാണം

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും.............

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,(പകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✝സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✝ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✝കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരും സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

| | |
|---|---|
| ജനം: | ആമ്മീൻ |
| ശുശ്രൂഷകൻ: | ബാറെക്മോർ, സ്തൗമെൻകാലോസ് |
| ജനം: | കുറിയേലായിസോൻ |

പെസഹാ പാതിരാ നമസ്കാരം

# പ്രാരംഭ സ്തുതി

✠

✠ *പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,* തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

***പെസഹാ കൗമാ***

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീ-ക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ, പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലങാലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**അപേക്ഷ**

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ! നിന്റെ ഉണർവിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആക കൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

**133,118,116 മസ്മൂർകൾ**

ബാറെക്മോർ രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും.

(118:169-176) കർത്താവേ! എന്റെ സ്തുതി തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ ജീവിപ്പിക്കണമെ. എന്റെ അപേക്ഷ തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ രക്ഷിക്കണമെ

നിന്റെ പ്രമാണങ്ങളെല്ലാം നീതിയുള്ളവയാകകൊണ്ട് എന്റെ നാവു തിരുവചനം ഉച്ചരിക്കും.

നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിനക്ക് സ്തുതി പ്രസ്താവിക്കും.

നിന്റെ പ്രമാണങ്ങളിൽ ഞാൻ ഇഷ്ടപ്പെട്ടതുകൊണ്ടു തൃക്കൈ എന്നെ സഹായിക്കണമെ.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിക്കുകയും ചെയ്തു.

എന്റെ ആത്മാവു ജീവനോടിരുന്ന് നിന്നെ സ്തുതിക്കട്ടെ. നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യട്ടെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റപ്പോയി. നിന്റെ പ്രമാണങ്ങൾ ഞാൻ മറക്കായ്കകൊണ്ടു ഈ നിന്റെ ദാസനെ അന്വേഷിക്കണമെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

**എനിയോനൊ**

***(അംഹോനൂൻ ദല എൽ - മാനവ വത്സലനെ - ക്രോബേ ശ്രോഷേ)***

വാനോ-ർ തൻ നാഥൻ -കൂറൊടു വിധി നിലയേ - നിന്നാൻ
സ്വാത-ന്ത്രമതും- രക്ഷയുമെങ്ങൾ-ക്കേകാൻ പാടേറ്റു
സൃഷ്ടിക്കെല്ലാം-സൃഷ്ടാവിനു സതതം സ്തോത്രം
നാഥൻ വിളിചെയ്താൻ-കീഫാ യോഹന്നാന്മാരെ
മാ-ളികയൊന്നിൽ പെസഹാ പാകം ചെയ്തീടാൻ വിട്ടു
സൃഷ്ടിക്കെല്ലാം-സ്രഷ്ടാവിനു സതതം സ്തോത്രം
പാവ-നമാ, മുയിരിൻ-തനുവതു മ്ശിഹാ! ഖണ്ഡിച്ചു
താൻ നിണമൂറ്റി-ശിഷ്യന്മാർക്കായ്-ഭാഗം ചെയ്തേകി-
ട്ടേവം ചൊന്നാൻ-നിങ്ങളുമിതുപോൽ ചെയ്തിടുവിൻ
രക്ഷാ-കരനെ ലീ-താവക സമയം വന്നതിനാൽ
കീ-ഫാ യോഹ-ന്നാ-ന്മാരേയും-വിധി പോലത്താഴം
പാകം ചെയ്-വാൻ നിർദ്ദേശം നൽകിയയച്ചു
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സുതനു-ടെ ഹാശായിൽ-വ്യഥയൊടു നാമേവം ചൊല്ലാം

ഞ-ങ്ങൾപേർക്കായ് വ്യാകുലമേറ്റാൻ - സ്തുത്യൻ കാരുണ്യൻ
സൃഷ്ടിക്കെല്ലാം-സൃഷ്ടാവിനു സതതം സ്തോത്രം

***അല്ലങ്കിൽ - ഗദ്യം***

മേലുള്ളവരുടെ നാഥൻ സകലത്തിനും സ്വാതന്ത്രം നൽകുവാനായി ന്യായസ്ഥലത്തുനിന്ന് നമ്മുടെ രക്ഷയ്ക്കു വേണ്ടി കഷ്ടതകൾ സഹിച്ചു. സകല സൃഷ്ടികളുടേയും സൃഷ്ടാവായ തനിക്കു സ്തുതി

നമ്മുടെ രക്ഷകൻ ശെമഓൻ കീപ്പായേയും യോഹന്നാനേയും വിളിച്ച് മാളികയിൽ തനിക്ക് പെസഹാ ഒരുക്കുവാനായിട്ട് അവരെ അയച്ചു. സകല സൃഷ്ടികളുടെയും സൃഷ്ടാവായ തനിക്കു സ്തുതി.

നമ്മുടെ രക്ഷകൻ ജീവനുള്ള പരിശുദ്ധ ശരീരം ഖണ്ഡിക്കുകയും തന്റെ തിരുരക്തം കലർത്തുകയും ശിഷ്യന്മാരുടെ കൂട്ടത്തിന് അതിനെ നൽകിക്കൊണ്ട് നിങ്ങൾ ഇപ്രകാരം പ്രവർത്തിക്കുവിൻ എന്ന് അവരൊടരുളിച്ചെയ്യുകയും ചെയ്തു.

രക്ഷിതാവേ! നിന്റെ സമയം അടുത്തിരിക്കുന്നുവെന്ന് നീ കല്പിച്ചുകൊണ്ട് ന്യായപ്രമാണപ്രകാരം അത്താഴം ഒരുക്കേണ്ടതിനായി നീ നിന്റെ ശിഷ്യന്മാരെ അയച്ചു.

വരുവിൻ പുത്രന്റെ കഷ്ടാനുഭവത്തിൽ നമുക്കെല്ലാവർക്കും കഷ്ടപ്പെടാം. നമുക്കുവേണ്ടി കഷ്ടം അനുഭവിച്ച തന്റെ കരുണയ്ക്കു സ്തുതി. സകല സൃഷ്ടികളുടെയും സൃഷ്ടാവായ തനിക്കു സ്തുതി

കുറിയേലായിസോൻ ... കുറിയേലായിസോൻ ... കുറിയേലായിസോൻ ...

## എക്ബൊ

*( തുബയ്ക്ക പ്രാസ് )*

മേടയ്ക്കുള്ളിൽ-പന്തിരുവർക്കാ-യ്
മെയ്-ഭാഗിച്ചോൻ-മ്-ശിഹാ വന്ദ്യൻ
കുറി — കുറി ... കുറിയേലായാസോൻ
ഞങ്ങളുടെ കർത്താവേ .....

## ഒന്നാം കൗമാ

ബ്ഏദോ നോ ദുലിലിയൊ നൗദെ, നെസ്ഗുദ്ലേ
ലംശി, ഹൊ ദുപറുക്കൻബ്ഹാശെ, വുമുക്കോക്കേ

പീഡാ, താഴ്ചകളാൽ നമ്മേ, വീണ്ടോനാം മ്ശിഹാ
യേ വാഴ്ത്തി നമിക്കാ, മീയിരാവിൽ
ബ്ഏദോ, നോ ദുലിലിയൊ നൗദെ, നെസ്ഗുദ്ലേ
ലംശീ, ഹൊ ദുപറുക്കൻബാഹാശെ, വുമുക്കോക്കേ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## പ്രുമിയോൻ

## കോലോകൾ

***(ത്ഹർ ഗബറിയേൽ)***

കർത്തൻ നിശയിൽ - പാരം സങ്കട പീഡകളാൽ
നിജ ശിഷ്യന്മാരൊടു ചൊന്നാൻ-മൃതിതൻ മുമ്പേ നിങ്ങളുമായി
പെസഹാ ചെയ്-വാൻ വാഞ്ഛിച്ചേൻ തൻ കര, മതിലപ്പമെടുത്തു
വാഴ്ത്തി മുറിച്ചിട്ടങ്ങേകി-ചഷകമതും വാഴ്ത്തി
ചൊന്നിതു താനെൻ രക്തം-ചോർത്തീടുന്നേ-നിതു നിങ്ങൾ
വിശ്വാസികളെല്ലാപേർക്കും
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

വഞ്ചക യൂദ-മുഖ്യാചര്യന്മാർ പക്കൽ
ചെന്നവരോടേവം ചൊന്നാൻ ഗുരുവേ നിങ്ങൾക്കേല്പിച്ചാ-
ലെന്തതിനായ് പകരം നൽകും - മുപ്പതു വെള്ളിയതേകാമെ
ന്നുഭയ കരാർ ചെയ്താരവരും - അഖിലേശൻ വിലയായ്
കഷ്ടം സ്വയമേ നിഹനിച്ചാൻ-സാത്താനൊപ്പം യൂദായും
നരക വേദനയവൻ നേടും
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ ഗദ്യം***

ഈ രാത്രിയിൽ നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് മഹാ ദുഃഖത്തോടും സങ്കടത്തോടും അരുളിച്ചെയ്തു. നിങ്ങളോടുകൂടി ഈ പെസഹാ ഭക്ഷിക്കുകയും അതിനു ശേഷം കഷ്ടത അനുഭവിക്കുകയും ചെയ്യണമെന്നു ഞാൻ അതിയായി വാഞ്ഛിച്ചു. താൻ അപ്പം തൃക്കൈയ്യിൽ എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. കാസായും താൻ സ്തോത്രം ചെയ്ത് കൊടുത്തിട്ട് നിങ്ങൾക്കുവേണ്ടിയും എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിയും ചൊരിയപ്പെടുന്ന എന്റെ ജീവനുള്ള രക്തം ഇതാകുന്നു; എന്നരുളിച്ചെയ്തു.
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
ഈ രാത്രിയിൽ വഞ്ചകനായ യൂദാ മഹാപുരോഹിതന്മാരുടെ അടുക്കൽപോയി അവരോടു നിങ്ങൾ എനിക്ക് എന്ത് തരും? ഞാൻ യേശുവിനെ നിങ്ങളുടെ കൈയിൽ ഏല്പിക്കാം എന്നു പറഞ്ഞപ്പോൾ അവർ വിലയേറിയവന്റെ വിലയായ മുപ്പതു വെള്ളിക്കാശ് അവനോടു വാഗ്ദാനം ചെയ്തു. സ്വന്തം ജീവനെ നഷ്ടപ്പെടുത്തി, സാത്താനോടൊന്നിച്ച് ദുരിതവും അതിവേദനയും നരകവും അവകാശിച്ചവനു കഷ്ടം.
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>എത്രൊ - ധൂപ പ്രാർത്ഥന</u>

വീണ്ടും കോലോ

***(നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ ...)***

ഹാശാ യേൽക്കും മുമ്പേ നിങ്ങൾ കൂടി
പെസഹായുണ്ണാൻ വാഞ്ചിപ്പേൻ ഗുരു-ചൊന്നവരോടായ്
തൻ തനുവും നിണവും, മവർക്കായ് ഭാഗിച്ചേശു
നാനാ ദേശത്തീക്കർമം - ഇന്നും - തുടരുന്നു
തൻമെയ് ഭാ-ഗിച്ചോൻ സംസ്തുത്യൻ
രുധിരമതും - തന്നോനും വന്ദ്യൻ
മരണമതിൽ നിന്നിവരേയും - രക്ഷിച്ചോൻ പൂജ്യൻ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

കോമളഗുരു തൻ മാറതിലത്താഴത്തിൽ
ചാരിയറിഞ്ഞാൻ യോഹന്നാൻ ഗുരുവിൻ മർമ്മങ്ങൾ
നീ പോയുൽഘോഷിക്ക-ചൊന്നിതു ഗുരുവും
ആദിയു മന്തവുമില്ലാതെ-സ്ഥിതനാം-വചനേശൻ
ആഗതനായ്-നരദേഹം പൂണ്ടു
നരനുടെ മെയ് പരനുടെ തനുവാക്കി
സ്തുതി തേ നരതനുപൂണ്ട പരാ കൃപ ചെ-യ്യണമിവരിൽ

***അല്ലങ്കിൽ - ഗദ്യം***

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോടരുളിച്ചെയ്തു, ഞാൻ കഷ്ടത അനുഭവിക്കുന്നതിനു മുമ്പ് ഈ പെസഹാ നിങ്ങളോടൊന്നിച്ച് ഭക്ഷിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. തന്റെ ശരീരം മുറിച്ചതും ജീവനുള്ള തന്റെ തിരുരക്തവും അവർക്കു കൊടുത്തു. കണ്ടാലും നാനാഭാഗങ്ങളിലും പള്ളികളിൽ ഇതു പരമ്പരയായി നടത്തപ്പെടുന്നു. തന്റെ ശരീരം വിഭജിക്കുകയും തിരുരക്തം കുടിപ്പിക്കുകയും മരണത്തിൽ നിന്ന് ജീവനിലേക്ക് നമ്മെ രക്ഷിക്കുകയും ചെയ്തവനു സ്തുതി.

യൂഹാനോൻ അത്താഴത്തിൽ നാഥന്റെ മോഹനീയ മാർവ്വിൽ ചാരിക്കൊണ്ടു രഹസ്യ കാര്യങ്ങൾ ഗ്രഹിച്ചു. താൻ അവനോടരുളിച്ചെയ്തു. - ആദിയിൽ ദൈവമായ വചനം ഉണ്ടായിരുന്നു. ആ വചനം സ്വയം താഴ്ത്തി മാനുഷീക ശരീരം ധരിച്ചു. ദൈവത്താൽ നമ്മുടെ ശരീരം ശ്രേഷ്ഠമായത്തീർന്നു എന്ന് പോയി പ്രസംഗിക്കുക. - ഞങ്ങളുടെ ശരീരം ധരിച്ചവനായുള്ളോവേ! നിനക്കു സ്തുതി. കൃപയുണ്ടായി ഞങ്ങളുടെമേൽ കരുണചെയ്യണമേ.

## ബോത്തേദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീഡാ
താഴ്ച-കളേറ്റം ധന്യം നാഥാ!

ഇരുളിൻ മക്കൾ-ഭീകര രാത്രി
ദീപ്തിക്കെതിരെ-തമസ്സിൽ വന്നു
ആരേ തേടു-ന്നെന്നാരാഞ്ഞാൻ
യേശുവെയെന്നവരു-ത്തരമോതി
ഭീ-യാലവരും സംഭ്രമ-മാർന്നു

നിജ വീര്യത്തെ-ഗോപനമാക്കി
സ്വയമേല്പിച്ചു - അവർ പിടികൂടി
ഹിതമായതിനാൽ വിധി കൈക്കൊണ്ടാൻ
തോപ്പിൽ വീണൊരു കുല രക്ഷാർത്ഥം
മൗനത്തോടെ - യേറ്റാനെല്ലാം

പരവിധി ചെയ്-വാൻ-പൂഴി മുതിർന്നു
ശിക്ഷിച്ചീടാൻ - കരടു തുനിഞ്ഞു
ഉയിരിൻ ജ്വാലാ ഭികര-നഗ്നി
വിധി നിലയത്തിൽ - നിലകൊള്ളുമ്പോൾ
വാനോ-രൗഘം-ഞെട്ടി വിറച്ചു

നിൻവിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ..
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഈ രാത്രിയിലെ ഇരുളിൽ അന്ധകാരപുത്രന്മാർ പ്രകാശത്തിന്റെ അടുക്കലേക്കു വന്നു. നിങ്ങൾ ആരെ അന്വേഷിക്കുന്നുവെന്ന് താൻ അവരോടു ചോദിച്ചു. യേശുവിനെ ഞങ്ങൾ അന്വേഷിക്കുന്നുവെന്ന് അവർ പറഞ്ഞു. അപ്പോൾ അവരിൽ സംഭ്രമം ഉണ്ടായി.

തന്റെ മഹാശക്തിയെ താൻ മറച്ചുവച്ചു. തന്നെ പിടിക്കാൻ വന്നവർക്ക് താൻ സ്വയം ഏല്പിച്ചു. തനിക്ക് മനസ്സായതുകൊണ്ട് അവർ തന്നെ വധിച്ചു. താൻ മൗനിയായിരുന്നതുകൊണ്ട് അവർ തന്നെ കുറ്റപ്പെടുത്തി. ഏദനിൽവച്ച് കുറ്റം ചെയ്ത നമ്മുടെ കുലത്തെ ജീവിപ്പിക്കേണ്ടതിന് നമുക്കുവേണ്ടി ഇവയെല്ലാം താൻ സഹിച്ചു.

കളിമണ്ണ് അതിനെ മനഞ്ഞവനെ വിധിച്ചു. ലോകത്തെ ദഹിപ്പിക്കുന്ന ഭയങ്കരമായ അഗ്നിയെ കുറ്റം വിധിപ്പാൻ ഉണക്കച്ചുള്ളികൾ പാഞ്ഞുവന്നു. കർത്താവ് ന്യായസ്ഥലത്തു നിൽക്കുന്നതു കണ്ട് സ്വർഗ്ഗീയർ പരിഭ്രമിച്ചു.

കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടെന്നിച്ച് ന്യായവിധിക്കായ് നീ പ്രവേശിക്കരുതേ

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

**മോർ അപ്രേമിന്റെ ബോവൂസാ**

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ദേവാ! കൃപ തോന്നേണമൻപാൽ

വിലയേറും നിണ വില വെള്ളി
കൈക്കൊണ്ടാൻ ചതിയൻ യൂദാ
അന്ധൻ താമസരേക്കൂട്ടി-
ദ്യുതിയെ പിടികൂടാൻ വന്നു ദേവാ!.....

പാവന രുധിരം ചോർത്തീടാൻ
ശപ്തജനം മോഹിച്ചേറ്റം
ദുർമോഹം സാധിച്ചീടാൻ
പാരം ബദ്ധപ്പെ-ട്ടവരും ദേവാ!.....

പ്രഭ യുലകിനു നൽകുന്നർക്കൻ
തൻ മുഖകലേ തുപ്പി ലഖർ
നിജ കവിളിൽ ശപ്തർ തല്ലി
മുടിയടിച്ചാക്ഷേ-പിച്ചാർ ദേവാ!.....

അഖിലനു മുയിരേകുന്നോൻ തൻ
ശിരസ്സിൽ വടിയാൽ താഡിച്ചാർ
ഖലരിവരെ പല ദേശത്തായ്
ചിതറിച്ചോൻ ദേവൻ ... വന്ദ്യൻ ദേവാ!.....

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ദേവാ!...

**മദറൊശോ**

( തുബൈക് ഓപ്രാഥ് )

അന്തിമ സന്ധ്യേ! നീ ധന്യമതാം
നിങ്കൽ മെസ്രേൻ സന്ധ്യയൊടുങ്ങി
നിന്നിൽ പൂർവ്വ പ്പെസഹായുണ്ടോൻ
സുതനതിലായാൻ മഹതാം പെസഹാ
 പെസഹായിൽ പെസഹാ കോർത്തു
 പെരുന്നാളിൽ പെസഹാ ചേർത്തു
പൂർവികം നീങ്ങി-നവമായതു വന്നു
മർമ്മം നിറവേറി

നല്ലൊരു സദനം നീ ധന്യയഹോ
നിന്നിൽ ഗുരു തൻ മെയ് ഖണ്ഡിച്ചാൻ
ചെറിയൊരു ഭവനം സൃഷ്ടിക്കെല്ലാം
പാരം ശ്രദ്ധേയമതാമെന്നും
 സീനായ് ഗിരിയിൽ മോശാ നിബിയാൽ
 ചെറിയൊരു നിയമം നൽകപ്പെട്ടു
മഹതാം നിയമം - ചെറുസദനേ നിന്നും
വികസിച്ചു-ലകൊണ്ടും

ധന്യ ഗ്ഗേഹം നിന്നല്പത്വം
ഉലകിതിലെങ്ങും മഹതായ് നിൽപൂ
നിന്നിൽ ഭവിതം ലോകമതെങ്ങും
സീമയതെന്യേ വ്യാപിതമത്രെ
   മംഗളകതിരീ-ന്നുളവാമപ്പം
   നിന്നിൽ ഖണ്ഡിതമായതു ഭാഗ്യം
മറിയാമിൻ ദ്രാക്ഷാ-നിന്നിൽ ചാറാക്കി-
പാവന കാസായിൽ

പൂർവിക പെസഹാനീക്കം ചെയ്ത
ദൈവിക കുഞ്ഞാടേ ശ്രേഷ്ഠൻ നീ
വന്നണയുന്നോൻ നിർമലമാറിൽ
വിശ്രമം കൊണ്ടതിലമരുന്നു
   അതുലമതായൊരു ദൈവിക പെസഹാ
   കൊണ്ടാടുന്നൊരു ഭവനം വന്ദ്യം
പ്രാകൃതമേഷം - ദൈവക്കുഞ്ഞാടിൻ -
                    ഭാര-മതേൽപ്പിച്ചു
ധന്യം സദനം പ്രേഷിത വൃന്ദം
ഗുരു തൻ സവിധേ നിങ്കൽ ചേർന്നു
ശ്രീ-യാർന്നോനാം നിർമ്മലകുസുമം
പരിമളമവനിൽ തിങ്ങീടുന്നു
   മോഹന പൂക്കളെ വെല്ലുന്ന
   പാവന കോമള പുഷ്പം താൻ
ഭൂവിൽ വന്നു-കളദ്രോഹിച്ചിട്ടും -
                    സൗരഭ്യം തൂകി

## <u>മറ്റൊരു സൂഗീസൊ</u>

***(കർത്താവേ നൽകാശ്വാസം)***

നിബിയന്മാരാൽ പ്രവചിതനാം
ഈശ്ത്മജനെ! നീ സ്തുത്യൻ

വിജ്ഞൻ ശ്ലോമ്മോ ചൊല്ലിയതാ-
മദ്ഭുത-മതു കേൾ ജ്ഞാനികളെ!
   കേശജ്ജ്ടയുള്ളിൽ പനിനീർ-പോൽമേവും
സുതനെ ദർശിച്ചാൽ മരുവിൽ
സുവിശേഷം തൽ ഗ്രന്ഥങ്ങൾ

ആരാണെന്നേ വിളിചെയ്-വൂ
സഭ ചൊന്നകമേ നിന്നും
   ഞാനാണെൻ പ്രിയയേ കനിവൊടുസുതനോതി
മരുവിൽ നിദ്രിതനാകുന്നോൻ
കേശം മഞ്ഞാൽ നനവാർന്നു

തൻ ചാകത്താ-ഗത പരനെ
പകയൊടു തള്ളി യൂദസഭാ
   നവസഭയാദരവായ് കൈക്കൊള്ളുന്നവനെ
തിരുമെയ് ഏറ്റൊരു പാടുകളെ
ആശ്ലേഷിക്കുന്നിതു ഭക്ത്യാ

ശാലോം സഭയൊടു ചേർന്നീടാൻ

താതപരൻ പണ്ടാഗതനായ്
തന്നെയുപേക്ഷിച്ചും ബാലിനെ വന്ദിച്ചാൾ
ലക്ഷ്യം തെറ്റിച്ചീ കുലടാ
സത്യം ബോധിച്ചതുമില്ല

അന്യന്മാരോടിണ ചേർന്നോൾ
സുതനുടെ തലയിൽ മുള്ളേറ്റി
അബ്രഹാം ദുഹിത ദണ്ഡാലടിച്ചവനെ
സുഖമായ് തൻ ഗേഹേ ചേരാൻ
നിജ സഭ സുതനൊടു യാചിപ്പൂ

തൂത്തെൻ ഭഴനം ക്ഷാളിച്ചും
ശയ്യയതിൽ പനിനീർ തൂകി
ക്രൂശങ്ങേറ്റതിനായി പരിമളവും പൂശി
തയ്യാറായോരു മേശയതിൽ ചേർന്നാമോദിക്കുക നാഥാ!

അങ്ങേ തള്ളിയോരഭിസാരണി
തൻ സുദനെ നീ പൂകരുതെ
മമ, ചാരെ വരിക പ്രേമിച്ചങ്ങേ ഞാൻ
നിൻ പ്രഭ കണ്ടാനന്ദിപ്പാൻ
ജനകരെ വിട്ടഹ, മാഗതയാം

നിൻ പ്രോമാലാ-മോദിപ്പാൻ
പാരം കൊതിയോടു ഞാൻ മേവി
കണ്ടങ്ങേ കുരിശിൽ മൽ പ്രാണേശ്വരനെ
നിൻ മെയ്യേറ്റൊരു കഷ്ടതകൾ
നിന്നോ-ടെന്നെയടുപ്പിച്ചു

നിൻ വധുവാകാൻ മെസ്രേനിൽ
നിന്നും മോചിത പൂർവ്വ സഭ
നിന്നെ വെടിഞ്ഞന്യ കാളയെ വന്ദിച്ചാൾ
നിരസിച്ചതിനാ-ലതിനെ നീ
താവകമാ-മെൻ ഗഹെ - വാ

കുരിശീന്നുളവാ - മുറവായതാ-
ലുലകിനു പാനം നീ നൽകി
സഭ ചാരേ വന്നു മാലോടോതുന്നു
വീണ്ടും നീ വന്നീടുമ്പോ-
ളോർക്കണ-മെന്നേയും നാഥാ!

ഭിന്നിത യൂദക്കൊല സംഘം
പരനിൽ നിന്നും വേർപെട്ട്
തന്നെയുപേക്ഷിച്ചും പരസംഗം ചെയ്തു
പകരം പ്രിയ ജാതീയ സഭയെ
നിജ പ്രിയ വധുവാക്കി ചേർത്താൻ

വഷളായതിനെ ബഹിഷ്കരിച്ചു
തൽ സ്ഥാനേ ചേർത്താൻ തിരുസഭയെ
പ്രിയ വധുവിൻ നിലയിൽ അതിനെ കൈക്കൊണ്ടു
സഭ നീയും സുത ദേവനായ്
കീർത്തനമാലപിക്കെന്നും

മ്ശിഹായെ സ്നേഹച്ചതിനാൽ
താനതിനേകി ഭാവുകവും
   ദ്വീപുകൾ തർശീരും വന്നു നമിച്ചതിനെ
ശാബാ സാബാ ഭൂപതിമാർ
അർപ്പിച്ചതിനായ് കാഴ്ചകളും

സവിധേ കോമളയായ് സതതം
മേവാൻ - വരണം ചെയ്തതിനെ
   നിജ പ്രിയ മണവാട്ടി മറ്റെല്ലാരേക്കാൾ
സുന്ദരിയായി - ക്കണ്ടിട്ടതിനെ
നിൻകരതാരിൽ സ്ഥാപിച്ചു

ക്രോധം പകയോ - ടഹങ്കാരം
ഈ വിധ ദോഷം ചേരാതെ
   പരമാർത്ഥത സൗമ്യം വിമലതയോടഴകും
ചേർന്നീടും പ്രാ-വെന്നതുപോൽ
പാവന സഭയും ചേരുന്നു

നിന്നെ രുധിരാൽ രക്ഷിച്ച
നാഥനു സ്തുതി നീ ചെയ്സഭയെ!
   കന്നത്തടിയേറ്റും സ്വാതന്ത്ര്യം തന്നാൽ
തിരുമാറിലെ - യൂറ്റിൽ നിന്നും
ഉലകിനു ജീവജലം വാർന്നു

<u>ഏവൻഗേലിയോൻ</u>

രണ്ടാം കൗമ
പീഡാ ത്ഴ്ചകളാൽ നമ്മെ വീണ്ടോനാം
മ്ശിഹായെ വാഴ്ത്തി നമിക്കാമീ രാവിൽ
***(മൂന്നു പ്രാവശ്യം)***
നാഥാ തേ സ്തുതിയും മാനം താതന്നും ..
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

<u>എക്ബോ</u>

***(കർത്താവേ നൽകാശ്വാസം)***

ക്രൂശാൽ രക്ഷിത ജാതികളെ
കുടലനു കഷ്ടം ജാതികളെ
കുടലനു കഷ്ടം ചൊന്നിടുവിൻ
കുറിയേലായിസോൻ.   കുറിയേ.... കുറിയേ...   ഞങ്ങളുടെ കർത്താവേ!...

<u>പ്രുമിയോൻ</u>

<u>കോലോകൾ</u>

***(താതൻ ശ്ലോമോ ഗബ്രിയേൽ)***

സന്ന-ദ്ധൻ ഞാൻ പീഡയ്ക്കായ്
ശിഷ്യഗണത്തൊടു ഗുരു ചൊന്നാൻ
ഹിതമോടെ മൃതി ചേർന്നീടാൻ താതനയച്ചെന്നെ നിങ്ങൾ
ഖേദിക്കരുതെൻ മരണത്തിൽ
ഉയിരോടുത്ഥിതനാകും ഞാൻ

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

താതൻ- സവിധേ-യേറും ഞാൻ
ദുഃഖിക്കരുതെൻ ശിഷ്യന്മാർ
ഞാനങ്ങു ഗമിച്ചീടായ്കിൽ പാവന റൂഹാ!
വരുകില്ലിങ്ങും
ഞാനും താതനു-മുണ്ടിവിടെ
അന്ത്യംവരെ നിങ്ങൾ കൂടെ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

*അല്ലെങ്കിൽ - ഗദ്യം*

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തു, ഞാൻ കഷ്ടാനുഭവത്തിനായ് ഒരുങ്ങിയിരിക്കുന്നു. മനസോടെ മരണം ഏല്പാനായി പിതാവ് എന്നെ അയച്ചിരിക്കുന്നു. ഞാൻ മരിക്കുന്നതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട, എന്തെന്നാൽ കബറിൽനിന്നും ഞാൻ ഉയിർത്തെഴുന്നേൽക്കും
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

എന്റെ ശിഷ്യന്മാരെ ഞാൻ പിതാവിന്റെ അടുക്കലേക്കു കയറിപ്പോകുന്നു എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട. ഞാൻ ആരോഹണം ചെയ്യുന്നില്ലായെങ്കിൽ പരിശുദ്ധ റൂഹാ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാനും എന്റെ പിതാവും ലോകാവസാനത്തോളം നിങ്ങളോടുകൂടെയുണ്ട്.
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>എത്രോ - ധൂപ പ്രാർത്ഥന</u>

<u>വീണ്ടും കോലോകൾ - കൂക്കോയോ</u>

പാപിനി തൈലം പൂശുമ്പോൾ - നിൻ പാ-പം പോയ്
ഏവം ഗുരു ചൊന്നൊരു നേരം - ശ്രോതാ-വാം യൂദാ
തന്നകതാരിൽ സാത്താനുൾ പൂകി
വഞ്ചക ഹൃദയൻ ചിന്തിച്ചാനെതിരെ
അഗതിക്കഷ്ടിക്കൊക്കാതെ-തൈലം-ന-ഷ്ടം
മൂന്നു ശതപ്പണ-മതിനിതിനെ-വില്ക്കാ-ഞ്ഞതും-മെന്താം
ഹാലേലുയ്യാ-ക്ഷുല്പീഡിതർക്കേകാൻ
*ബാറെക്മോർ - ശുബഹോ -*
ഭ്രമ മരുതാചാര്യന്മാരെ - ചൊന്നാർ-യൂ-ദർ
ശിഷ്യരിലേക-നേല്പിക്കും - യേശുവിനെയിന്ന്
ഗൂഢ കരാറും ചെയ്താനെങ്ങൾക്ക്
വരുമാ - ശിഷ്യൻ നിശയിലീ ഭവനെ
മ്ശിഹായെ! മുപ്പത് വെള്ളി-ക്കവനേ-ല്പി-ക്കും
പോരന്നാലധികവുമേകി-ത്തൻ-ഗു-രുവേ വാങ്ങിൻ
ഹാലേലുയ്യാ - ദുർഭഗനായൂദാ

***അല്ലങ്കിൽ - ഗദ്യം***

ആ പാപിനി നമ്മുടെ കർത്താവിനെ എണ്ണ പൂശിയപ്പോൾ, "നിന്റെ കടങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന് അവളോട് പറഞ്ഞു. യൂദായും അവിടെ ഉണ്ടായിരുന്നു. സാത്താൻ അവനിൽ പ്രവേശിച്ചു. അവന്റെ ഉള്ളിൽ കാപട്യം തോന്നി. "ദരിദ്രന്മാർ വിശന്നിരിക്കുമ്പോൾ ഈ തൈലം നഷ്ടപ്പെടുത്തിയതെന്തിന്? ഇതു മൂന്നൂറു ദിനാറയ്ക്കു വിറ്റ് ദരിദ്രന്മാരെ തൃപ്തിപ്പെടുത്താമായിരുന്നു" എന്ന് അവൻ പറഞ്ഞു.
*ബാറക്മോർ*

യൂദന്മാർ ആചാര്യന്മാരോട് പറഞ്ഞത്: "നിങ്ങൾ വിഷമിക്കേണ്ട, അവനെ നമുക്ക് ഏല്പിച്ചു തരുവാൻ അവന്റെ ശിഷ്യന്മാരിൽ ഒരാളെ ഞങ്ങൾ കണ്ടിട്ടുണ്ട്. അവൻ ഞങ്ങൾക്ക് രഹസ്യമായി ആലോ

ചന തന്നിട്ടുണ്ട്. അവൻ ഈ രാത്രിയിൽ നിങ്ങളുടെ അടുക്കൽ വരും. അവന്റെ ഗുരുവിന്റെ വിലയായി മുപ്പതു വെള്ളിക്കാശ് അവനു കൊടുക്കണം. അവൻ വീണ്ടും ചോദിക്കുന്നുവെങ്കിൽ അവനു കൊടുപ്പിൻ".

*ബോത്തെദ്ഹാശോ*

ഞങ്ങൾക്കായ് നീ-യേറ്റൊരു
പീഡാ താഴ്ചകളേറ്റം ധന്യം നാഥാ!

ദ്രവ്യ സ്നേഹി-ഗുരുവേ വിറ്റ്
സ്വയം ഹത്യയ്ക്കായ് - പാശം വാങ്ങി
ശിഷ്യഗണത്തിൽ ചതിവായ് പാർത്താൻ
തക്കം വന്നാൽ-ലക്ഷ്യം ചേരാൻ
ഒളിവിൻ സമയം-നോക്കിപ്പാർത്തു

ലോക, മെരിക്കും - വഹ്നി - യണയ്ക്കാൽ
കണ്ടകമുള്ളും - കാരയുമൊത്തു
നിജശൈത്യത്താൽ താളടി വന്നു
പിടികൂടീടും - കൃപയാൽ നീചർ
തൻ ജ്വാലയതിൽ - വെന്തതുമില്ല

വാനമ - മാനവരഖിലരുടെയും
വായിൽനിന്നും - സ്തുതി തേ ചേരും
സ്രാ-പ്പികളാർക്കും ക്രോ-ബകൾ പാടും
നിൻ രക്തത്താൽ-രക്ഷിത നരരും
വന്ദിച്ചങ്ങേ - വാഴ്ത്തി നമിക്കും

നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

*അല്ലെങ്കിൽ - ഗദ്യം*

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ദ്രവ്യാഗ്രഹിയായവർ തൂങ്ങിച്ചാകുവാനുള്ള കയറിന്റെ വിലയ്ക്ക് അവന്റെ ഗുരുവിനെ വിറ്റു. ശിഷ്യന്മാരോടൊന്നിച്ച് വഞ്ചനയോടെ അവൻ പാർത്തു. തന്നെ ഏല്പിച്ചുകൊടുക്കുവാൻ അവൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു.

മുള്ളും പറക്കാരയും മുൾപ്പടർപ്പും ലോകദാഹകനായ അഗ്നിയുടെ മേൽ വീണു. കൊടുത്തിക്കളയുവാൻ തക്കവണ്ണം പുറപ്പെട്ടുവന്ന് അതിനെ പിടിച്ചു. അതിന്റെ ഉഗ്രതയെ ശാന്തമാക്കിയതുകൊണ്ട് അതിനെ പിടിച്ചുവെങ്കിലും അതിന്റെ ജ്വാലയിൽ ഉണക്കച്ചുള്ളികൾ വെന്തുപോയതുമില്ല.

സ്വർഗ്ഗീയന്മാരുടെയും ഭൗമീകരുടെയും വായിൽ നിന്ന് നിനക്ക് മഹത്വം വർദ്ധിച്ചിരിക്കുന്നു. സ്രോപ്പേന്മാർ കാദീശ് പാടുകയും ക്രൂബേന്മാർ വാഴ്ത്തുകയും നിന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട ഭൗമീകർ നിന്നെ വന്ദിച്ച് സ്തുതി പാടുകയും ചെയ്തു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായ് നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

**മോർ യാക്കോബിന്റെ ബോവൂസാ**

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനെ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം

ദേവാ!. ദയയുണ്ടാകേണം
നാഥാ! കൃപതോന്നേണമൻപാൽ

വഞ്ചക ശിഷ്യാ-എന്തിനു ദാനം നഷ്ടമതാക്കി
ശീമോനെന്നതു പോലെ നിനക്കും ഗുരു തന്നല്ലൊ
നിന്നാൽ സൗഖ്യം കൊണ്ടാർ നിന്നെ നോക്കിക്കരയും
കുഷ്ഠ വിമുക്തർ തവ പതനത്തിൽ ദുഃഖിതരാകും ദേവാ!...

ചതിയൻ പതി തൻ നന്മകളെല്ലാം ദൂരത്താക്കി
ഗുരുവിന്നെതിരെ ക്രൂശകരോടായ് സഖ്യം ചെയ്തു
ഗുരുവിനെയൊറ്റാൻ കോഴയെവാങ്ങി ശപഥം ചെയ്താൻ
ലോക നിയന്താവിൻ വില യൂദാ പരിമിതമാക്കി ദേവാ!...

യീഹൂദാ - ഗലീല ദേശങ്ങളഹൊ ഖേദിക്കുന്നു..
ശ്ലൈഹികമാം നിൻ പ്രഭ പോലെന്നതു വിശ്രുതമാകും
ആരും ഗുരുവേ! ദ്രോഹിച്ചില്ല നിന്നെപ്പോലെ
ഗുരുശിഷ്യന്മാർക്കെല്ലാം നീയോ ഭീകരനായ് ദേവാ!...

ക്രൂശക ഭ്രാന്തർ പരസുത മൂല്യം ചതിയനു നൽകി
അവരിലുമേറ്റം ഭ്രാന്തൻ യൂദാ-ഗുരു വില വാങ്ങി
ശിഷ്യപദത്തീന്നിവനെ തള്ളാത്തൊരു സർവ്വേശൻ
തന്നുടെ ക്ഷമയും വനയവുമെല്ലാ അത്ഭുതജനകം ദേവാ!..

ഗുരു-ആരെന്നതു കാണിച്ചീടാ - ന്നാരാഞ്ഞ ജനം
വഞ്ചകനൊത്തൊരു വാഗ്ദത്തം പോൽ കോഴകൊടുത്തു
ഭൂഷണ - ഭാഷണ - ചര്യകളെന്നിവയൊന്നിൽ പോലും
ഗണ - നായകനായ് കാണുന്നോർക്കൊരു തെളിവില്ലാഞ്ഞു ദേവാ!...

ശിഷ്യാ - വിനീതന്മാരെയെടുത്ത സൗമ്യം സുതേശാ!
വഞ്ചന ചെയ്തൊരു യൂദാ നിന്നെ വിട്ടുപിരിഞ്ഞു
നിന്നുടെ പീഡകൾ പാവന സഭ - യിതിനാക്കുക കോട്ട
സ്തുതി - യങ്ങേയ്ക്കും നിൻ താതനു നിൻ റൂഹായ്ക്കും ദേവാ!..

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ! നിങ്ങടെ നിലയം സർവ്വം ശൂന്യം ദേവാ!..

***അല്ലങ്കിൽ - ഗദ്യം***

കഷ്ടാനുഭവത്തിനും മരണത്തിനും സ്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

വഞ്ചകനായ യൂദായെ, നീ എന്തിന് ഈ ദാനത്തെ നഷ്ടപ്പെടുത്തി? എന്തുകൊണ്ടെന്നാൽ നിന്റെ നാഥൻ; ശെമഓനോടും യൂഹാനോനോടും എന്നതുപോലെ അതിനെ നിനക്ക് നൽകിയല്ലോ. നീ സൗഖ്യമാക്കിയ രോഗികൾ നിന്നെക്കുറിച്ച് കയ്പ്പോടെ കരയും; നീ വെടിപ്പാക്കിയ കുഷ്ടരോഗികൾ നിന്റെ വീഴ്ച്ചയെക്കുറിച്ച് അട്ടഹസിക്കും. ഗലീലയും യഹൂദയുമാകുന്ന രണ്ട് സ്ഥലങ്ങളും നിന്നെക്കുറിച്ച് കരയും. നിന്റെ പ്രകാശം കെട്ടുപോയതായ വാർത്ത ശ്ലീഹന്മാരിൽ നിന്ന് അവർ കേൾക്കും. എല്ലാ ശിഷ്യന്മാരും അവരുടെ പ്രധാനികളും നിന്നെക്കുറിച്ച് സംഭ്രമിക്കും. എന്തെന്നാൽ സ്നേഹമുള്ള ഗുരുവിനെ നിന്നെപ്പോലെ ഒരുവനും നിരസിച്ചിട്ടില്ല. വീണുപോയ വഞ്ചകൻ തെറ്റിൽപ്പെട്ട് എല്ലാ നന്മകളെയും നിരസിച്ചു, നമ്മുടെ രക്ഷകനെതിരായി ക്രൂശകന്മാരോടൊന്നിച്ച് ഗൂഢാലോചന ചെയ്തു. കൈക്കൂലി വാങ്ങിക്കൊണ്ട് തന്നെ ഏല്പിച്ചുകൊടുത്തക്കവണ്ണം സമ്മതിക്കുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ക്രൂശകർ സുബോധം വെടിഞ്ഞ് ദൈവപുത്രന്റെ വില കൊടുത്തു. അവരെ അനുസരിച്ച യൂദാ അവരെക്കാൾ സുബോധമില്ലാത്തവനായി. ദൈവപുത്രന്റെ താഴ്മയിൽ നാം അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ താൻ ശിഷ്യന്മാരേക്കാൾ പ്രസിദ്ധനോ വേർതിരിക്കപ്പെട്ടവനോ അല്ലായിരുന്നു. ഇതു നിമിത്തം തന്നെ പിടിച്ചവർ ഗുരു ആരാകുന്നു എന്ന് കാണിച്ചുകൊടുക്കുവാനായി ആ വഞ്ചകന് കൈക്കൂലി കൊടുത്തു. വേഷം കൊണ്ടോ ബഹുമതി കൊണ്ടോ പെരുമാറ്റം കൊണ്ടൊ സംഘത്തലവനെപ്പോലെ കാഴ്ചക്കാരന് താൻ പ്രത്യേകമായി അറിയപ്പെട്ടിരുന്നില്ല. നിർമ്മല ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും സ്വഗുരുവിനെതിരായി വഞ്ചന പ്രവർത്തിച്ച ശിഷ്യനെ തള്ളിക്കളയുകയും ചെയ്ത നിർമ്മലനായുള്ളോവേ, നിനക്കു സ്തുതി. കർത്താവേ! നിന്റെ കഷ്ടാനുഭവം പരിശുദ്ധ സഭയ്ക്ക് കോട്ടയായിരിക്കണമേ. നിനക്കും നിന്റെ പിതാവിനും പരുശുദ്ധറൂഹായ്ക്കും അവൾ സ്തുതിപാടുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

## സുഗീസൊ

***(കർത്താവേ നൽകാശ്വാസം ...)***

ശിഷ്യന്മാർ തൻ പന്തിയതിൽ
സുഖ ഭോജനമേറ്റാൻ യൂദ
   തിരു മേശയിലശനം ജീവജലം പാനം
സൗമ്യ കുഞ്ഞാടിൻ ഭാവം
ഇടയനെ ദ്രോഹിപ്പാൻ - ചെന്നായി

ശ്ലീഹന്മാരുടെ സ്ഥാനത്തിൽ
ഗണമൊത്തൊരു പീഠം വാങ്ങി
   സാത്താനസൂയാലും ചതിവാം കെണിപാകി
പൈശാചികമാം വലയത്താൽ
ഭീകര കൂപത്തിൽ വീണാൻ

യൂദാ ഘാതക സഖ്യത്താൽ
വഷളന്മാർ പക്ഷം ചേർന്നു
   ശിഷ്യഗണം വിട്ടും വൃക പറ്റം ചേർന്നു
ഭാസുര ദീപ, മുപേക്ഷിച്ചും
താമസ സഖ്യത്തിൽ ചേർന്നു

രുധിരാ - ലുലകം വീണ്ടോനെ
വില വാങ്ങാൻ വിറ്റാൻ യൂദാ
   സ്രഷ്ടാ തൻമൂല്യം വാങ്ങിയ ഘാതകനിൽ
ക്ഷോഭം പൂണ്ടുയിരേ വാനം
കോപിച്ചേറ്റം ക്ഷോണിയതും

ചുംബന, മതിലെന്തിനു ശിഷ്യ!
ദുഷ്ടർക്കെന്നെ നീയൊറ്റി
   കീപ്പാക്കൊപ്പം തേ ചേർത്തേൻ സ്നേഹത്തിൽ
മാനിച്ചേനവനേപ്പോലെ
എന്തിനു വിദ്വേഷിച്ചെന്നെ

കണ്ടാരിൽ മമ, സ്നേഹം പോൽ?
വഞ്ചകനാം ചതിയൻ യൂദാ
   നിൻ കാൽ ഞാൻ കഴുകി എന്തു കുറച്ചേൻ തേ
ചെയ്തേ, നതി ബഹുമാനം തേ
ദുർഭഗനാം നീ വഞ്ചകനായ്

ശിഷ്യ പ്രിയമതിലൊട്ടും ഞാൻ
നിന്നോടു കുറവാക്കീട്ടില്ല
   പാഠം സവിശേഷം തന്നു നിനക്കായ് ഞാൻ
പണ സൂക്ഷിപ്പെല്ലാം നിങ്കൽ-
ത്തന്നെ ഞാനേല്പിച്ചല്ലൊ.

ഗുരുവായ് കൈക്കൊണ്ടെന്നെ നീ
അധുനാ, നീ വഞ്ചന സഖിയായ്
   വഞ്ചക ബന്ധു നീ ഇനി മമ, വൈരി
വലഭാഗത്തലവൻ ഞാനും
ഇടമതിൽ നീയും ദുർഭഗനെ

ഞാൻ ചേർത്തൊരു ശാന്തഗണം പോൽ
നീയും ചേർത്തന്യ ഗണത്തെ
   ശ്ലീഹന്മാരെ ഞാൻ ക്രൂശകരെ നീയും
സാത്വിക ശിഷ്യന്മാരെ ഞാൻ
നീയോ, കയ്യാപ്പാവൃന്ദം

യൂദായെ പ്രതി ഭീ - വാനം-
സർവം താപാൽ കേഴുന്നു
   ശിഷ്യന്മാർ കൂട്ടം വിലപിച്ചോതുന്നു
ചതി ചെയ്തോനാം വഞ്ചകനെ!
നിൻ വ്യാപാരം നഷ്ടമതായ്

## ഏവൻഗേലിയോൻ

### മൂന്നാം കൗമ

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മ്ശിഹായെ വാഴ്ത്തി നമിക്കാ മീ രാവിൽ
***(മൂന്നു പ്രാവശ്യം)***
നാഥാ തേ സ്തുതിയും മാനം താതന്നും ..
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

### ഏക്ബോ

***(ആമ്മാ ആമ്മേ തൗ സുസ്ശ്മാ ..)***

സ്തുതി തേ കർത്താ! വാനം ഭൂ - വെല്ലാമങ്ങേ വന്ദിപ്പൂ
കുറി... കുറി.. കുറി... ഞങ്ങളുടെ കർത്താവേ ...

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

### പ്രുമിയോൻ

### കോലോകൾ - കൂക്കോയോ

ശിഷ്യരു - മായാതിഥ്യത്തിൽ - ശീമോൻ-ഗേഹേ
ഈശോ! യാഗതനായെന്നായ് കേട്ടാൾ പാപിനിയും
   മർമ്മജ്ഞൻ താൻ സവിധേ പോകും ഞാൻ
   വിശ്വാസത്തോ-ടിതു ചെന്നാൾ സ്വയമെ
പാപ-ഹരൻ മമ, പിഴ യഖിലം-മോചി-ച്ചേ-ക്കാം
ഇല്ലെന്നാലും പാവനനെ-കണ്ടാ-ലും ഭാഗ്യം

ഹാലേലുയ്യാ-മോചന, മാർജ്ജിച്ചാൾ
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

തൈലം ഗുരുതൻ മെയ്യിലവൾ-വീഴ്ത്തുന്നൊരു കാഴ്ച
വഞ്ചക ശിഷ്യൻ സ്കറിയോത്താ-ദർശിച്ചൊരു നേരം
നീരസ-മോടെ ചൊന്നാൻ ക്രൂദ്ധിതനായ്
എന്തിനു നാശം ചെയ്യുന്നതു പാഴിൽ
മൂന്നു-ശതപണ മതിനിതിനേ-വിറ്റും-കൊ-ണ്ട്
ഉത്സവ-മതി-ലഗതി കളിടയിൽ ദാനം-ചെയ്യരുതോ
ഹാലേലുയ്യാ - കഷ്ടം ദുർബുദ്ധേ
*മൊറിയോറാഹേമേലെൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

ശെമഓന്റെ ഭവനത്തിൽ യേശുതമ്പുരാൻ ഉണ്ടെന്നും തന്റെ ശിഷ്യന്മാരോടൊന്നിച്ച് വിരുന്നിൽ ഇമ്പപ്പെടുന്നു എന്നും പാപിനിയായ സ്ത്രീ കേട്ടപ്പോൾ അവൾ സ്വയം പറഞ്ഞത് "രഹസ്യങ്ങൾ അറിയുന്നവന്റെ അടുക്കൽ വിശ്വാസത്തോടെ ഞാൻ പോകുമെങ്കിൽ അവൻ എന്റെ കടങ്ങൾ എന്നോട് ക്ഷമിക്കുമായിരിക്കും. എന്തുകൊണ്ടെന്നാൽ അവൻ പാപപരിഹാരനാകുന്നു. എന്റെ കടങ്ങൾ അവൻ ക്ഷമിക്കുകയില്ലങ്കിൽ അവനെ കാണുകയെങ്കിലും ചെയ്യുന്നത് എനിക്ക് സന്തോഷമാകുന്നു"
*ബാറെക്മോർ*
യേശുതമ്പുരാന്റെ ശിരസ്സിന്മേൽ സുഗന്ധതൈലം പൂശുന്നത് വഞ്ചക ശിഷ്യനായ യൂദാ കണ്ടപ്പോൾ അവന്റെ ദൃഷ്ടിയിൽ അതു അസഹ്യമായിത്തീർന്നു. "ഈ നഷ്ടം എന്തിന്? ഇത് മുന്നൂറു ദിനാറയ്ക്ക് വിറ്റ് പെരുന്നാളിൽ ദരിദ്രന്മാർക്ക് കൊടുക്കാമായിരുന്നുവെന്ന് അസൂയയോടെ അവൻ പറഞ്ഞു"
*മൊറിയോറാഹേമേലെൻ ഉ ആദാറൈൻ*

<u>എത്രോ</u>

<u>വീണ്ടും കോലോകൾ</u>

***(സൊഹദേ ആഫീസുനോയ് ..)***

സർവ്വജ്ഞൻ പരനെ വില്പാൻ-നീചൻ യൂദാ, യീ നിശയിൽ
ഗൂഢാൽ പാതകരൊത്താ-ലോചന ചെയ്താൻ കഷ്ടം
വഞ്ചന തിങ്ങും രോക്ഷത്താൽ-പരസുതവില നിശ്ചതമാക്കി
നിജഗുരു-വരനെ, യേല്പിച്ചാൻ-നീചന്മാർ പക്കൽ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

കാസായിൽ മുക്കിയ പൂപാൽ വഞ്ചകനെ ഗുരുകാണിച്ചാൻ
ഒറ്റുന്നോനാരെന്നർത്ഥം - ബോധിച്ചാർ ശിഷ്യർ
മഹിമ കുനിച്ചാ, ഗതിനീശൻ ശുശ്രൂഷിപ്പാനടിയാരെ
മെയ് രുധിരങ്ങൾ ഭാഗിച്ചാൽ തൻ വിനയം സ്തുത്യം

***അല്ലങ്കിൽ - ഗദ്യം***

ഈ രാത്രിയിൽ അന്യായക്കാരൻ അവന്റെ ഹൃദയത്തിൽ അധർമ്മം ചിന്തിച്ചുകൊണ്ട് അന്തരിന്ദ്രിയങ്ങൾ പരിശോധിക്കുന്നവനായ രക്ഷകനെ രഹസ്യമായി വിൽക്കുവാൻ ആലോചിച്ചു. വഞ്ചനയും കോപവും നിറഞ്ഞ്, വിലയേറിയവന്റെ വില അവൻ നിശ്ചയിക്കുകയും ദൈവ കുഞ്ഞാടിനെ അധർമ്മികളുടെ കൈയിൽ ഏല്പിക്കുകയും ചെയ്തു.
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
ഈ രാത്രിയിൽ നമ്മുടെ രക്ഷകൻ അപ്പം മുക്കിക്കൊടുത്തുകൊണ്ട് തന്നെ ഏല്പിച്ചുകൊടുക്കുന്നവൻ ആരാകുന്നു എന്നു ശിഷ്യന്മാരുടെ അനുഗ്രഹീത സംഘത്തെ അറിയിച്ചു. തന്റെ ശ്രേഷ്ഠതയെ താഴ്ത്തി താൻ ഇറങ്ങി വന്നു. യജമാനൻ നിന്നുകൊണ്ട് തന്റെ ദാസന്മാരെ ശുശ്രൂഷിച്ചു. തന്റെ തിരുശരീരരക്തങ്ങൾ അവർക്കു നൽകി. തന്റെ താഴ്മയ്ക്കു സ്തുതി.

<u>ബോത്തെദ് ഹാശൊ</u>

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാഥാ!

നിർമ്മല കുഞ്ഞാ-ടീ, രാവിങ്കൽ
ചതിവിൻ ക്രിയയെ-തെളിവായ് ചൊന്നു
നിങ്ങളിലേകൻ മമ വില വാങ്ങി
സ്വാതന്ത്രത്താൽ കഷ്ടത നഷ്ടം
പൂണ്ടുവനേൽക്കും-ജീവനും നാശം

ആട്ടിൻപറ്റം-പെസഹാ ഭുജിച്ചാ-
ദിവ്യജമൊടു-പറ്റിച്ചേർന്നോർ
നാഥാ നിന്നെ-യാരൊറ്റീടും
ചോദ്യം ചെയ്താർ-താപത്തോടെ
തൻ ഗൂഢാർത്ഥം-തെളിയിച്ചീടാൻ

ദ്യുതി ധാരികളാം-ഭാസുര ദൂതർ
വാനോ, - രൗഘം-വിട്ടാഗതനെ
ഹീനത യേൽക്കാൻ കൃപ വിളി ചെയ്തു!
ആദാം പേർക്കായ് - കോടതിയേറാൻ
വരുമാറവനെ - നീ സ്നേഹിച്ചു

ഉയിരിൻ ബലിയെ! - ആരാദ്ധ്യജമേ!
പരനുടെ സുതനേ - ശ്രീ മംഗളമേ!
ജീവ സ്വനമെ! പാവന നിണമെ!
നിന്നെ വാഴ്ത്തും - സഭയെ ചേർക്ക

നിൻ വിധി ചെയ്തോർ - വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ - ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

*അല്ലങ്കിൽ - ഗദ്യം*

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള എന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഈ രാത്രിയിൽ സത്യത്തിന്റെ കുഞ്ഞാട് തന്നെക്കുറിച്ചുള്ള രഹസ്യം വെളിപ്പെടുത്തി. നിങ്ങളിലൊരുവൻ എന്റെ വില നിശ്ചയിക്കുകയും അവൻ ദുരിതവും അതിവേദനയും അവകാശിക്കുകയും അവന്റെ സ്വാതന്ത്രത്താൽ സ്വയം നശിക്കുകയും ചെയ്യും എന്ന് താൻ അരുളിച്ചെയ്തു.

കുഞ്ഞാടുകളായ ശ്ലീഹന്മാർ പെസഹായുടെ കുഞ്ഞാടിനെ വിട്ട് ദൈവീകകുഞ്ഞാടിനെ സമീപിച്ചു. "കർത്താവേ! നിന്നെ ഏല്പിച്ചു കൊടുക്കുന്നവൻ ആരാകുന്നുവെന്നുള്ള രഹസ്യം ഞങ്ങൾക്ക് വെളിവാക്കിത്തരണമെ" എന്ന് താല്പര്യത്തോടെ ചോദിച്ചു.

പ്രകാശപൂർണ്ണരായ മാലാഖമാരെയും അഗ്നിധാരികളായ ആത്മമയന്മാരെയും നീ വെടിഞ്ഞു. നിന്റെ കരുണ നിന്നെ നിർബന്ധിച്ചതിനാൽ നിന്ദയിലേക്കു നീ വന്നു. ആദാമിനെ ഇത്രയധികം നീ സ്നേഹിക്കുകയും അവനുവേണ്ടി ന്യായസ്ഥലത്തേക്ക് നീ ഇറങ്ങുകയും ചെയ്തു.

ജീവനുള്ള ബലിയും വന്ദ്യനായ കുഞ്ഞാടും രക്ഷാകരനായ പുത്രനും നിർമ്മലമായ സമാധാനവും പുണ്യമുണ്ടാക്കുന്ന രക്തവും ജീവന്റെ ശബ്ദവും ആയുള്ളോവേ, നിന്നെ സ്തുതിക്കുന്ന ജാതികളെ നീ തിരിപ്പിക്കുകയും നിന്നിൽ വിശ്വസിക്കാത്ത ജനത്തെ നീ അകറ്റിക്കളയുകയും ചെയ്തു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ യാക്കോബിന്റെ ബോവൂസൊ

മ്ശി-ഹാ സ്കീ-പ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മക്കളിലമ്പുണ്ടാകേണം
ദേവാ!. ദയയുണ്ടാകേണം
നാഥാ! കൃപതോന്നേണമൻപാൽ

അജമാം പെസഹാ കൈപ്പിൽ നാഥൻ ശിഷ്യർ കൂടെ
സന്തോഷത്തൊടു ഭക്ഷിച്ചെന്നതു വിസ്മയ ജനകം
കൈപ്പിൻ ഭോജ്യം നിജ മൃതിയതിനെ ദ്യോതിപ്പിച്ചു
നമ്മുടെ ഭൂവിൽ മൃതി താനേറ്റതു വിദിതം തന്നെ ദേവാ!...

തൻമൃതി സൂചന-യായി, ക്കർത്തൻ കൈപ്പാ, സ്വാദിച്ചു
കഷ്ടത മാർഗ്ഗേ ഗമനം ചെയ്തും - വ്യഥയും മാലും
കെല്പൊടു പേറാൻ സ്വയമെ തന്നുടെ ലക്ഷ്യം വച്ചാൻ
ഒറ്റിടു-മെന്ന നിങ്ങളിലേകൻ പ്രയരൊടു ചൊന്നാൻ ദേവാ!....

അജ്ഞൻ താനെ-ന്നാരും നിനയാതാവാൻ ചൊന്നാൻ
സർവ്വജ്ഞൻ താൻ പറയാതിതുവരെ മൗനം കാത്തു
തേജോ മയനാം രവി - യോടനുഗത മാർഗം വിട്ടും
കാറും തമസ്സും പെരുകും വഴിയേ-യാർ പോയീടും ദേവാ!...

ഭാസുര-മായോ രഹസ്യമതു വിട്ടും കൂരിരുളാലും
ഭീകര നിശയിൽ ഏവൻ സ്വയമേ കൂടിച്ചേരും
താനെ ചെന്നൊരു ചെന്നായായിട്ട, തി ഗുണവാനാം
ഇടയൻ തന്നെ ദ്രോഹിച്ചീടാ, നാർ മോഹിക്കും? ദേവാ!..

താത ദ്യുതിയേ ജ്വാലക പ്രഭയേ ആരൊറ്റു തേ
തവ ഹിതമെന്യേ ആർക്കാ മേനി തൊടുവാനാകും
ഗുരു തൻ വ്യഥയിൽ പൊരുതാം കദനംപൂണ്ടാ ശിഷ്യർ
വഞ്ചക, നാരെന്നറിവാനരങ്ങുത്സാഹിച്ചാർ ദേവാ!...

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങളുടെ നിലയം സർവം ശൂന്യം ദേവാ!...

## സുഗീസൊ

***(ശുബ്ഹൊ ലൊക്മോർ ദ് ലോക്സോഗദോൻ)***

സ്തുതി തേ നാഥാ! വാനം ഭൂ
വെല്ലാ മങ്ങേ വന്ദിപ്പൂ
ഭവമാഗതാൽ പാപികളെ
കൈക്കൊണ്ടതിനാൽ സ്തോത്രം തേ

പാപഹരൻ ഭൂവിൽ വന്നു
ദാവീദു സുതയിൽ മെയ് പൂണ്ടു
തൻ ദയ വീര്യ പ്രേരണയാൽ
നരജാതം ചെയ്താനീശൻ

മെയ് രോഗാത്മക്കറകൾ തൻ
നരരിൽ നിന്നും നിഹനിച്ചു

അത്ഭുത, മടയാളവുമേറെ
ധരയിൽ ചെയ്താൻ സവിശേഷം

വിളി ചെയ്താൻ കാരുണ്യേശൻ
പല വിധ നരരേ, യുപദേശാൽ
പാപികളെയും തൻ മാർഗേ
ചേർത്താനമ്പാൽ വൈകാതെ

അത്തിയിൽനിന്നും സാക്കായെ
പടകിൽ സബദീ സുതരെയും
ശമറാംഗനയെ കിണറ്റിങ്കൽ
ശീമോൻ ഗേഹേ പാപിനിയെ

ചൊന്നവളീശ്വര മെയ് ധരനെ-
ക്കണ്ടീടാൻ ഞാൻ വാഞ്ഛിപ്പോൻ
സാക്കായെ ചേർത്തതുപോലെ
അൻപോടെന്നെ കൈക്കൊള്ളും

പശ്ചാത്താപം പൂണ്ടോളാ
മിവളെ സാത്താൻ കണ്ടെത്തി-
തരുണീ ചാരേയാഗതനായി
സൗഹൃദഭാവേ ചൊന്നേവം

എന്തു ഭവിച്ചെൻ യുവതീ തേ-
സംഭവമെല്ലാം സാത്താൻ കണ്ടെത്തി-
നിന്നിഷ്ടന്മാർ കോപിച്ചോ?
കരയരുതവരെ,യടക്കും ഞാൻ

പരസുത ചാരേ നീ പോകിൽ
ദൂരെത്തള്ളും നിന്നെയവൻ
നിന്നുടെ പിഴയിൽ കോപിക്കും
ലജ്ജിതയായ് നീ പിൻ വാങ്ങും

വിധി നാഥങ്കൽ പോയെന്നാൽ
ന്യായത്താൽ ശിക്ഷിച്ചീടും
പാപ,ച്ചെളിയിൽ താണോൾ നീ
എന്തിന്നിവിടെ പോകുന്നു?

ഗുരു പരിശുദ്ധൻ, നീ കുടല
ഉരുകും നീ തന്നുഷ്മാവാൽ
ജാതയഹോ നീ പാപത്തിൽ
താനൊ സതതം പരിശുദ്ധൻ

കഷ്ടം സുമുഖി നീ പോകിൽ
ശിക്ഷിത തന്നെ നിഷ്ക്കരുണം
പന്തിരു ശിഷ്യർ തൻകൂടെ
രൂക്ഷയൊതു നിന്നെ പായിക്കും

എന്തിഹ ചെയ്യും വേശ്യേ നീ
ആരുടെ പക്കൽ പോകുന്നു?

കന്മഷ പുരുഷൻ മുമ്പല്ല
ഭ്രാന്തോ യുവതി! നിനക്കിപ്പോൾ

തരുണീ പോകായ്കിൽ നന്ന്
മറിയ സുതങ്കൽ പോകല്ലേ
ക്രൂദ്ധൻ താൻ, നീ യറിയില്ല
പോകിൻ മൃതയായ് പോകും നീ

എന്തു ഭവിച്ചെൻ കുറുപ്രാവേ
എന്നോട - കലാനാരോതി
പോകാൻ ഭാവം കാണുന്നു
പോകിൽ - സ്പഷ്ടം നിൻനാശം

ഹുങ്കൊടു കുടിലത ചേർന്നോളെ
ദുർവൃത്തിൽ മൃതി പൂണ്ടോളെ
ഉണ്ടനവധി നിൻ പ്രേമികളും
എന്തിന്നവിടെ പോകുന്നു?

തെരുവിൽ നിത്യം നീ പോയി-
ട്ടനവധി പ്രേമികളെ കൂട്ടി
നിന്നെയവൻ തേടുന്നിപ്പോൾ
അവർ സവിധത്തിൽ പോകുക നാം

ഉടയോൻ ഞാനെ-ന്നടിയാൾ നീ
എന്തിനു പിരിയുന്നെന്നെ നീ
ചിരമെൻകൂടെ പണി ചെയ്തി
ട്ടെന്നെ വെടിഞ്ഞ ഹമറിയാതെ

നിന്നിലെഴുന്ന, ദ്ഭുത ലക്ഷ്യേ
ലോകത്തിൽ സ്തുതി പൊങ്ങീടും
വഷളർ നിന്നൊടു ചേർന്നീടാ-
നിനിയും മുതിരുകയില്ലൊട്ടും

സവിശേഷ-പ്പരിമള തൈലാൽ
തൻ കേശം ഭൂഷിത മനിശം
നിന്നാലർപ്പിത പരിമളമോ
കേവല പൂഴിക്കൊത്തതു താൻ

അഞ്ജനമതു പൂശിയ കൺകൾ
നിന്നഴകത്ഭുത, കരമാക്കി
നിൻ പ്രയരോടു മടങ്ങാതെ
വാഞ്ഛിപ്പതു ഞാനറിയുന്നു

നീ പാടിയ സംഗീതത്താൽ
തെരുവിൽ പൗരൻ വിസ്മിതരായ്
വാസര-മേതുമടങ്ങാതെ
രോദന-മവിടെ കേൾക്കുന്നു

പരിമള പാത്രവുമായ് തെരുവിൽ
എന്തിനു നീ പോയീയുന്നു?

നിന്നിഷ്ടന്മാ-രൊത്തിനിയും
മോദിപ്പാൻ മോഹിക്കുന്നോ

വിലയേറും മാണിക്യത്താൽ
ശോഭിത മായൊരു നിൻ മേനി
ഇന്നോ മാലയുമില്ലാത്ത
വിധവയ്ക്കൊപ്പം നീ വന്നു

കരയും നിന്നെ പ്രതിയാരും
നീ കേട്ടില്ലേ സദ്വാക്യം
പോയ് വന്നീടുക ലജ്ജിതയായ്
നിൻ വാക്കിനി ഞാൻ കേൾക്കില്ല

പാപിനി സാത്താനൊടു ചൊന്നാൾ
ഇനി മതിമതി നിൻ ദുർഭാഷ്യം
നിൻ വേഴ്ചയിലെൻ മെയ്യാത്മം
ബഹു പാപത്തിൽ ജീർണിച്ചു

പാപികളെ സ്നേഹിപ്പോനാം
ഗുരുവിശോയെ! സ്നേഹിപ്പേൻ
പൊളി ചൊന്നീടും നിന്നേയും
തവ പ്രിയ - ഗണവും വെടിയും ഞാൻ

ത്യാജ്യമതാം നിന്നുടെ വേഴച
നിരസിക്കുന്നു ഞാനിനിയും
നിന്നെ-യുപേക്ഷി-ച്ചുയിരോനെ
സ്നേഹിപ്പോനേറ്റം ധന്യൻ

അനുതാപികളെ ദ്വേഷിക്കും
നിൻ വാക്യം ഞാൻ കേൾക്കില്ല
നിന്റേതായ് ഞാനിന്നോള
ഇനി മേലീശന്നുള്ളോൾ ഞാൻ

അനുതാപികളെ സ്നേഹിപ്പോൻ
ദൈവസുതൻ കോപിയുമല്ല
താതൻ കരുണാ വാരിധിയാം
താപികളോടൻപുള്ളോനും

നിൻ വാക്യം കേൾക്കുന്നാകിൽ
ഞാനുലകിൽ കുത്സിത തന്നെ
ഗുരു ദയ ജഗദതിലും വലുതാം
മൽപിഴ പോക്കാനവനല്പം

കരുണയെഴുന്നൊരു വിധിനാഥൻ
താപികളെ ചാരെച്ചേർക്കും
ജീവനിലും മൃതിയതിലും ഞാൻ
ഗുരുപദ കമലം വന്ദിക്കും

പരിശുദ്ധൻ താൻ സാത്വികനും
പാപം തന്നെ തീണ്ടില്ല

പാപക്കടലിൽ പൂണ്ടൊരു ഞാൻ
പാവനയാകാൻ പോകുന്നു

താപികളെ വിദ്വേഷിക്കും
നിൻ പേർക്കായ് നാശം തന്നെ
ഗുരുതൻ പന്തിരു ശിഷ്യന്മാ-
രെൻ പേർക്കർത്ഥിക്കും സവിധേ

തൈലപ്പാത്രവു-മേന്തിയവൾ
ഗുരു തൻ ചാരേ യാഗതയായ്
കണ്ണീരൊടു സവിധേ ചേർന്നും
തൃപ്പാദം തൈലം പൂശി

നിജ കേശത്താൽ തോർത്തിക്കൊ-
ണ്ടത്യാദരവാൽ ചുംബിച്ചു
ബഹുവാം തൻപിഴ മാലിന്യം
കൃപയൊടു കഴുകാൻ യാചിച്ചു

അൻപേറുന്നോൻ പരനേശു
താപിനിയാളെ കണ്ടുടനെ
നിൻപിഴ യഖിലം മോചിതമായ്
മംഗളമായ് പോകെന്നോതി

തൃപ്പാദം ചുംബിച്ചോളാം
പാപിനി മോചന-മേറ്റതുപോൽ
നിൻമെയ് രുധിരം ഭക്ഷിച്ച
ജന-മതിനേകുക പരിഹാരം

ഈശോ നിന്നാൽ രക്ഷിതരാ-
മഖിലരിൽ നിന്നും സ്തുതി നിത്യം
അനവരതം സ്തുതി-യങ്ങേയ്ക്കും
തവ താതനും റൂഹായ്ക്കും

<u>ഏവൻഗേലിയോൻ</u>

ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ വിശുദ്ധ കുർബനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം.

അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാൻമാരോടും പുണ്യവാൻമാരോടും കൂടെ ദൈവ പുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>മൗർബൊ</u>

**(ലൂക്കോസ് 1: 46-55)**

മറിയാം പറഞ്ഞു; എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവു എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ താൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു. ഇതാ ഇപ്പോൾ മുതൽ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്നു കീർത്തിക്കും.

ശക്തനും തന്റെ നാമം പരിശുദ്ധവുമായിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനോടു ഭക്തിയുള്ളവരുടെമേൽ തലമുറതലമുറയായും വംശങ്ങളായും ഉണ്ടായിരിക്കും.

അവൻ തന്റെ ഭുജത്താൽ ജയം ഉണ്ടാക്കി; ഹൃദയ ചിന്തയിൽ അഹങ്കരിച്ചവരെ അവൻ ചിതറിച്ചു. അവൻ ശക്തരെ സിംഹാസനങ്ങളിൽ നിന്ന് തള്ളിയിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

വിശന്നിരുന്നവരെ നന്മകൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വ്യർത്ഥമായി അയച്ചു . നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും എന്നേയ്കും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

## മൗർബൊ

*(ലോക്ദലയോൽമെൻഹൗനോ)*

സ്തുതി തേ ദേവ! സദനേ-നിൻ കൂറാൽ ശിഷ്യർക്കായ്
തവനിണ തനു നല്കിച്ചൊന്നങ്ങ് - തനുവിതു നിങ്ങൾ ഭക്ഷിപ്പിൻ
ഈ നിർമ്മല നിണമെല്ലാരും - പാനം ചെയ്തീടുവിൻ
ചിരജീവനു, മാത്മാവും ഞാൻ തന്നേൻ നിങ്ങൾക്കായ്
മമ വാഞ്ചിതമിതു ശിഷ്യന്മാരെ നിങ്ങൾ ചെയ്വിനെന്നോതി
പന്തിയിരുന്നവിടെ ശിഷ്യർ - കൂടെ ഭക്ഷിപ്പാൻ
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ദാസൻ പോൽ വീഴ്ത്തി-ട്ടവരുടെ പാദം കഴുകി
നിങ്ങൾക്കൊരു മാതൃകപാഠം നൽകുന്നതിനാലതുപോലെ
നിങ്ങളു-മന്യോന്യം ചെയ്വിൻ - കല്പിച്ചാൻ കർത്തൻ
ആമ്മീൻ

***അല്ലങ്കിൽ ഗദ്യം***

ദൈവമേ! നിന്റെ സ്നേഹത്താൽ മാളികയിൽവച്ച് നിന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർക്ക് നിന്റെ തിരുശിരീരരക്തങ്ങൾ നീ നൽകി. അതിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചു കുടിപ്പിൻ എന്ന് അവരോട് നീ അരുളിച്ചെയ്തു.

മ്ശിഹാ! നിന്റെ സ്നേഹത്താൽ നിന്റെ ശിഷ്യന്മാരോട്, ഞാൻ കഷ്ടപ്പെടുന്നതിനു മുമ്പ് നിങ്ങളോടൊന്നിച്ച് ഭക്ഷിപ്പാൻ വാഞ്ചയോടെ ആഗ്രഹിച്ചുവെന്നും പരിശുദ്ധറൂഹായും നിത്യജീവനും നിങ്ങൾക്ക് നൽകുമെന്നും നീ അരുളിച്ചയ്കയും ചെയ്തു. ബാറക്മോർ

കർത്താവ് തന്റെ ശിഷ്യന്മാരോടൊന്നിച്ച് ഭക്ഷണത്തിനിരുന്നു. ദാസന്മാരെപ്പോലെ വെള്ളമൊഴിച്ച് അവരുടെ കാലുകൾ താൻ കഴുകി. ഇപ്രകാരം നിങ്ങൾ പ്രവർത്തിപ്പിൻ എന്ന് അവരോടു കല്പിക്കുകയും ചെയ്തു. ആമ്മീൻ

## 132-ാം മസ്മൂർ

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു.

അത് അഹറോന്റെ തലയിലും അവന്റെ അങ്കിയുടെ നെഞ്ചിൽ വീണു കിടക്കുന്ന താടിയിലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനേയും കൽപ്പിച്ചു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

***(താഴെ വരുന്ന രണ്ട് എനിയോനൊകളുടെ പദ്യവും കൊടുത്തിട്ടുള്ളതിൽ ഒന്ന് ഉപയോഗിക്കാം)***

## എന്യോനൊ

ദൈവമാതാവിനു ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്കു ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ അവർക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടേയും പ്രാർത്ഥന നമുക്കു കോട്ടയായി രിക്കട്ടെ.

കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കേണമേ.

ദയവാനും കരുണ നിറഞ്ഞവനുമേ! നിന്റെ ന്യായവിധിയുടെ ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

തന്നെ വിളിക്കുന്ന പാപികൾക്കു തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കർത്താവേ! വിശ്വസ്ത സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാകുമാറാകണമേ.

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതു ഭാഗത്ത് നിൽക്കുമാറാകണമേ.

**വേറൊരു എന്യോനൊ**

കന്യകയായ ദൈവമാതാവേ! എല്ലാക്കാലത്തും എല്ലാനേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കേണമേ.

കർത്താവേ! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ നിന്റെ പരിശു ദ്ധന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽനിന്ന് മായിച്ചു കളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

ദൈവവചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ളീബായാൽ കാത്തുകൊ ള്ളുകയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാളുകളൊക്കെയും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹാ യെയും സ്തുതിച്ച് വന്ദിച്ച് മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നെള്ളുന്നതായ നിന്റെ വലിയ ദിവ സത്തിൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിറുത്തണമേ.

ഈ സമയത്ത് നിനക്കു സ്തുതിപാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിക്കൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെ ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെ ആത്മാക്കളിന്മേൽ കരുണചെയ്യണമേ.

കർത്താവേ! ഞങ്ങളോടു കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.

**കോലോകൾ**

***(കാഴ്ചയതിൽ കർത്താവേ നിൻ)***

നീണാൾ മറിയാമിന്നോർമ്മ-
തൽ പ്രാർത്ഥന തുണയേകട്ടെ
ഓർമ്മ വിശുദ്ധർക്കെന്നേയ്ക്കും
തുണയിങ്ങവരുടെ യാചനയും

നിബിയർ ശ്ലീഹർ സഹദേന്മാ-
രിവിടെ യാചനയും കോട്ട
നിൻ പ്രിയ സഹദേന്മാർക്കൊപ്പം
പാർപ്പിട-മെങ്ങൾക്കും നൽക

കരുണാബ്ധേ അൻപൊടു നിന്റെ
വിധി നാളിൽ കൃപ ചെയ്യണമേ
തന്നെ വിളിക്കും പാപികളിൽ
കൃപ നൽകും ദേവൻ വന്ദ്യൻ

തിരുസഭ മക്കൾക്ക്, നവരതം-
നിൻ സ്മരണയുണ്ടാകേണമെ
നിന്നാഗമനപ്പെരുന്നാളിൽ
ചേർക്കണമിവിരെ വലഭാഗേ

*(സ്ലീമൊറിയോ ബ്റഷേ എദിനോക് - എൻ നാഥാ നിൻ കൃപ നിന്നെ )*

ദൈവ പ്രസവിത്രി, കന്യേ
നിൻ യാചന ഞങ്ങൾക്കെല്ലാം
സതതം കോട്ടയതാകണമെ

ഞങ്ങളിലെന്നു കെണി വയ്ക്കും
ഖലനെ നീ നീക്കുക നാഥാ!
സിദ്ധന്മാർ തൻ പ്രാർത്ഥനയാൽ

നിൻ കുരിശാകണമെങ്ങൾക്ക്
സർവേശാ! നൽ സങ്കേതം
പാലിക്കണ-മതിനാലിവരെ

വചനേശ്വരനാ-മെൻ നാഥാ!
കുരിശാലടിയാരെ കാത്തും
മൃതരിൽ ശമ,മേകുക കൃപയാൽ

ആയുഷ്പര്യന്തം ഞങ്ങൾ
പിതൃ സുതനാത്മാവാം നിന്നെ
വന്ദിച്ചാദരവായ് പാടും

കരുണാനിധിയാം പരമേശാ!
നിന്നാഗമനത്തിരുനാളിൽ
ഏറ്റണമിവരെ വലഭാഗേ

ഇന്നേരം സ്തുതി പാടീടാൻ
ഞങ്ങൾക്കർഹത തന്നപരാ!
ചേരണ-മടിയാർ നിൻ മോക്ഷേ

ഉയിരും മൃതിയും നൽകുന്ന
നാഥാ! നിൻ ദയ ഞങ്ങൾ മേൽ
കൃപയാലെന്നും ചേരണമേ   ആമ്മീൻ

<u>148, 149, 150 മസ്മൂർകൾ</u>

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ**

(148)ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.
തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;
ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.
ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!

എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.

താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും

പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!

ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## നാലാം കൗമ

### പ്രുമിയോൻ

*(ആർക്കായ് കാഴ്ചകളിവിടെ)*

യെറുശലേം തൻ നാഥങ്കൽ
പകരം ചെയ്തതു ജാതികളെ!
ക്ഷോണീ വാസി-കളെ! എല്ലാരും കേൾപ്പിൻ

ഭികര കടൽ ഭാഗിച്ചതിനെ-മറുകരയതിലേ-റ്റി
അതു നാഥൻ തൻ വസ്ത്രത്തെ ഊരി ഭാഗി-ച്ചു
മരുവിൻ മന്നയുമതിനേകി
ശിലപ്പൊട്ടിച്ചൊഴുകിയ നീരും
ക്രൂശിൽ താൻ ദാഹിച്ചപ്പോൾ
കയ്പും കാടിയയുമവനേകി
പരനുടെ ക്രൂശകയേ! പിഴുത പരൻ വന്ദ്യൻ
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

മോശ തന്നൊടു ചൊന്നീശൻ
ജനതയ്ക്കൊപ്പം കല്പനകൾ
ലിഖിതമതാം ശിലകൾ-നീ പ്രാപിച്ചിടുക
മാമക സവിധേ വ്യഭിചാരിണി-വിദ്വേഷിത യാ-യാൾ
മെസ്രേൻ മാംസക്കൊതിമൂലും-മന്നാനിരസിച്ചാൾ
അവൾ തൻ ഭൂഷണവും നീക്കി-ട്ടൂലകെങ്ങും
ചിതറി ഗമിച്ചാൾ
സഭയെ സുതനായ് വധുവാക്കാൻ
മൃതി-യതിനെ താനേറ്റു
പാവന രക്തത്താലുലകം രക്ഷിച്ചാൻ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

സകല ജാതികളുമേ ഇതു കേൾപ്പിൻ, സകല ഭൂവാസികളുമേ ശ്രദ്ധിപ്പിൻ, ഊർശ്ലേം അതിന്റെ നാഥന് ഉപദ്രവം പകരം ചെയ്തിരിക്കുന്നു. താൻ അവൾക്കായ് ഭയങ്കര സമുദ്രത്തെ ഭാഗിക്കുകയും അതിനുള്ളിൽക്കൂടി അവളെ കടത്തിവിടുകയും ചെയ്തു. അവളാകട്ടെ താൻ ധരിച്ച വസ്ത്രം ഉരിഞ്ഞ് വിഭജിച്ചു. മരുഭൂമിയിൽ അവൾക്ക് മന്നാ കൊടുക്കുകയും പാറയിൽ നിന്ന് വെള്ളം ഒഴുക്കുകയും ചെയ്തിട്ടും സ്കീപ്പായിൽ വച്ച് വെള്ളം ചോദിച്ചപ്പോൾ കയ്പും ചൊറുക്കായും അവൾ തനിക്ക് നൽകി. സ്വന്തം നാഥനെ ശപിച്ചവളെ ഉന്മൂലനാശം ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ദൈവം മോശയോട് അരുളിച്ചെയ്തത് നീ സഭയ്ക്ക് ആവശ്യമായ കല്പനകൾ ലിഖതം ചെയ്ത രണ്ട് കല്പലകൾ എടുത്തുകൊണ്ട് പൊയ്ക്കൊൾക. എന്റെ മുമ്പാകെ പരസംഗം ചെയ്യുകയും മിസ്രയിംകാരുടെ മാംസഭക്ഷണത്തെ സ്നേഹിക്കുകയും ഉയരത്തിൽ നിന്നുള്ള മന്നായെ വെറുക്കുകയും ചെയ്ത സെഹിയോനെ ഞാനും വെറുക്കും. എന്റെ പ്രീതിയെ അതിൽ നിന്ന് നീക്കി കളയുകയും ജാതികളുടെ ഇടയിൽ ചിതറിപ്പോകുവാനായി ഞാൻ അതിനെ കൈവിടുകയും എന്റെ വാത്സല്യപുത്രന് സഭയെ ഞാൻ വിവാഹം നിശ്ചയിക്കുകയും ചെയ്യും. അവൻ അതിനുവേണ്ടി മരിക്കുകയും തന്റെ കുറ്റമില്ലാത്ത രക്തത്താൽ ലോകത്തെ രക്ഷിക്കുകയും ചെയ്യും.
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## എത്രോ - ധൂപ പ്രാർത്ഥന

### കോലോ

***(ഇൻ സൊഹ്ദേ മേത്തുൽ മോനോ)***

ജന രക്ഷക്കൊരുവൻ മൃതിചേ-രുന്നതു യുക്തം
പ്രവചനമേവം പെരുന്നാളിൽ-ചൊന്നാൻ കയ്യാപ്പാ
യേശു മൃതിയാൽ രക്ഷിച്ചതു-വിദിതം തന്നെ
തൻ സഭയും സുതരും തന്നെ-സുതുതി ചെയ്തീടുന്നു.
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ശപ്തന്മാർ യൂദർ ചെയ്യും - പരി പീഡകളിൽ
ഖേദം വേണ്ടേൻ സോദരരെ-ചൊന്നാൻ സർവ്വേശൻ
എൻ മൃതിയാൽ ഖലനും മൃതിയും-നിഹതന്മാരായ്
ജീർണിതനാ-ദം തൻ രൂപം വിണ്ടും പുതുതാകും

***അല്ലങ്കിൽ - ഗദ്യം***

ജനത്തിന്റെ മഹാ പുരോഹിതൻ വലിയ പെരുന്നാളിൽ ലോകം രക്ഷിക്കപ്പെടേണ്ടതിന് ശ്രേഷ്ഠമഹാ പുരോഹിതനായവൻ മരിക്കുന്നത് നല്ലതാകുന്നു എന്ന് പ്രവചിക്കുകയായിരുന്നു. മ്ശിഹാ എല്ലാവരേയും സ്വാതന്ത്രപ്പെടുത്തുമെന്നുള്ളത് ഇതിനാൽ വ്യക്തമാകുന്നു. ഇതാ സഭയും അതിന്റെ മക്കളും തനിക്ക് സ്തുതി പാടുന്നു.

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

കർത്താവ് അരുളിച്ചെയ്തത്; എന്റെ ശിഷ്യന്മാരെ യഹൂദജനത്തിൽ നിന്ന് ഞാൻ പീഡയേൽക്കുന്നതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട. ഞാൻ പീഡകളാൽ ദുഷ്ടനേയും മരണത്തേയും ജയിക്കുകയും നാശത്തിൽ പഴകിപ്പോയ ആദാമിന്റെ സ്വരൂപത്തെ പുതുതാക്കുകയും ചെയ്യുന്നു.

## ബോത്തെദ് ഹാശോ

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

പീഡാ സമയം - പെസഹായൊരുക്കാൻ
ശിഷ്യരിരുവ-രെ നാഥൻ വിട്ടു
വന്നാനവിടെ ശുശ്രൂഷിച്ചാൻ
മുൻ സുചിതമാം-മെസ്രേൻ കർമ്മം
തൻ പെസഹായാൽ-പൂർണമതാക്കി

രക്തപ്രിയർ-യൂദർ കായേൻ
ലക്ഷ്യം തന്നിൽ-തികവായ് ചെയ്തു
വിധിതൻ മൗനം രക്തം കേണു
ഖലർ തൻ രുധിരം-ഭൂവിൽ ചോർത്തി
വധമിതു തന്നിൽ-സാർത്ഥകമാക്കി

ക്രൂശിൽ തൂക്കാ-നുത്സാഹികളിൽ
രോഷം പൂണ്ട-ങ്ങെരി തീ വീഴ്ത്തി
ധിക്കാരികളെ യൂദന്മാരെ
ചൂട്ടീടായ്-വാൻ - മഹതാം ശക്തി
വാനൗഘത്തെ-രോധിച്ചുടനെ

നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ - ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

മ്ശിഹാ രാജാവ് കഷ്ടാനുഭവങ്ങളുടെ ദിവസത്തിൽ പെസഹാ ഒരുക്കേണ്ടതിനായി രണ്ടു ശിഷ്യന്മാരെ അയച്ചു. തന്റെ തിരുമേനിയിൽ അതിനെ പൂർത്തീകരിക്കുകയും മുൻ ഉപമിക്കപ്പെട്ട രഹസ്യത്തെ മായിക്കുകയും ചെയ്തു.

രക്തത്താൽ മലിനപ്പെട്ട കൊലപാതകന്മാരുടെ മേൽ കായേന്റെ അടയാളം സഭ വച്ചിരിക്കുന്നു.

കൊലയേറ്റവൻ മൗനമാകുകയും രക്തം നിലവിളിക്കുകയും ചെയ്യുന്നു. കുറ്റമില്ലാത്ത രക്തം ഭൂമിയിൽ ചിന്തിയവന്റെ ഹൃദയത്തിൽ കൊലപാതകത്തെപ്പറ്റി അറിയാമായിരുന്നു.

ക്രൂശകരുടെ മേൽ കോപിച്ച് അഹങ്കാരികളുടെ മേൽ അഗ്നിവർഷം ചെയ്യുവാനും മരത്തിന്മേൽ തന്നെ തൂക്കുവാൻ തുനിഞ്ഞ യഹൂദജനം നശിക്കുവാനും ഇടവരാതിരിപ്പാൻ തന്റെ മഹാശക്തി മാലാഖമാരെ തടഞ്ഞു.

കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ-
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതാൽ
നേടണമവകാശം രാജ്യേ
ദേവാ!. ദയയുണ്ടാകേണം
നാഥാ! കൃപതോന്നേണമൻപാൽ

രക്ഷകനെ നീ പാവന നാളിൽ
കുഞ്ഞാടതിനെ ഭക്ഷിച്ചാൻ
തൻ ബലിയെ സൂചിപ്പിച്ച
നബി തൻ മർമ്മം നിറവേറ്റി
ശിഷ്യന്മാരെ പന്തിയതിൽ
ഏറ്റി-പ്പരിചാരം ചെയ്താൻ
യൂദായ്-ക്കപ്പം മുക്കിയുടൻ
നൽകീട്ടവനെ വേ-റാക്കി ദേവാ!..

ചെന്നായെ തള്ളിയശേഷം
തിരുസവിധേ - യാടുകൾ ചേർന്നു
നിജമൃതി മൂലം പാപികളെ
രക്ഷിച്ചോ - നീശാത്മജനും
സുതനെ നൽകിയ താതനും
ചേതന മേകും റൂഹായ്ക്കും
വിശ്വാസികളെല്ലാ നേരം
സ്തുതി-യാദരവായ് പാ-ടേണം ദേവാ!...

ഞങ്ങൾക്കായുളവായൊരു നിൻ-
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതാൽ
നേടണമവകാശം രാജ്യേ ദേവാ!..

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ച് പറയുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും,മനുഷ്യമക്കൾക്കു നല്ല ശരവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു; സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! പരിശുദ്ധ റൂഹായോടുകൂടെ നിന്നെയും, നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈകൊണ്ട് ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം മഹത്ത്വമുള്ളതും നീ എന്നേക്കും മഹത്ത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു; മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അതു ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു; എന്നു ഞങ്ങൾ ഏറ്റുപറയുന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കികൊണ്ട് വന്നു; ഞങ്ങളോടു കരുണ ചെയ്യണമേ.

<u>പെസഹാ കൗമാ</u>

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഎെ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഒാലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

പെസഹാ പ്രഭാതം

# പ്രാരംഭ സ്തുതി

✠

✠ *പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,* തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

പെസഹാ കൗമാ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഗാലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

### 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

### എനിയോനോ

*( എമ്മോദ് കീസൊ )*

കർത്തൻ-രാത്രൗ-മർമ്മം തെളിവാക്കി
ശിഷ്യന്മാരെ-ദുഃഖിപ്പിച്ചേ-റ്റം
ദേവാ! ദയ ചെയ്തീടേണമെ
പന്തിരുപേർ-ക്കും നിജ മൃതിയോർമ്മയ്ക്കായ്
തിരുമെയ് - രുധിരം-കൃപയൊടു ഭാഗ-ച്ചോൻ
ദേവാ! ദയ ചെയ്തീടേണമെ
ഭീകര സ്രാ-പ്പേന്മാരാൽ സ്തുത്യൻ തൻ
പാദം പാപിനി-തൈലത്താൽ-പൂശി
ദേവാ! ദയ ചെയ്തീടേണമെ
പെസ്ഹാ-യാ-ടതു തൻ മൃതിയാൽ നീക്കി-
ത്തൻ മെയ് രക്തം - അൻപൊട് ഭാഗി-ച്ചോൻ
ദേവാ! ദയ ചെയ്തീടേണമെ

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നരപരനാ-കും രക്ഷകനാ, മീശൻ
കാരുണ്യത്താൽ - ബലിയും കർമ്മിയു-മായ്
ദേവാ! ദയ ചെയ്തീടേണമെ
*കുറിയേലായിസ്സോൻ*

***അല്ലങ്കിൽ ഗദ്യം***

ഇന്നേ ദിവസം നമ്മുടെ കർത്താവ് തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർക്ക് രഹസ്യം വെളിപ്പെടുത്തുകയും അവർ ദുഃഖിക്കുകയും ചെയ്തു. ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

തന്റെ മരണത്തിന്റെ ഓർമ്മയ്ക്കായി തന്റെ പന്തിരുവർക്ക് സനേഹപൂർവ്വം തിരുശരീരങ്ങളെ നൽകിയവനായ ദൈവമേ! ഞങ്ങളോടു കരുണയുണ്ടാകണമേ.

സ്രോപ്പേന്മാർ, ഭയത്തോടെ തനിക്ക് കാദീശ് പാടുന്നവനായിരിക്കേ പാപിനിയായ സ്ത്രീ തൃപ്പാദങ്ങളിൽ തൈലം പൂശി എന്ന ദൈവമേ ഞങ്ങളോടു കരുണയുണ്ടാകണമേ.

തന്റെ കൊലയാൽ പെസഹാക്കുഞ്ഞാടിനെ നീക്കിക്കളയുകയും തന്റെ ശിഷ്യന്മാർക്ക് തിരുശരീരരക്തങ്ങളെ വിഭജിച്ച് നൽകുകയും ചെയ്ത ദൈവമേ ഞങ്ങളോടു കരുണയുണ്ടാകണമേ. ബാറെക്മോർ

നമ്മുടെ രക്ഷകൻ ബലിയും മഹാപുരോഹിതനുമായിത്തീർന്നു. എന്തുകൊണ്ടെന്നാൽ താൻ മനുഷ്യനും ദൈവവുമാകുന്നു. ദൈവമേ ഞങ്ങളോടു കരുണയുണ്ടാകണമേ. കുറിയേലായിസോൻ.

## 63-ാം മസ്മൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.
ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.
നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.
എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.
ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.
എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വമുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.
എന്റെ ശയ്യമേൽ ഞാൻ നിന്നെ ഓർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.
എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും
എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.
അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശിക്കും.
അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും;
രാജാവു ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും.
ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## ഏനിയോനോ

***(ഹൗദ് ഉഹദാനോ)***

മ്ശീഹാ കർത്തൻ-മൃതി തൻ മുന്നം
വീഞ്ഞൊടു പൂപം ശിഷ്യർക്കായ്

മെയ് നിണമാക്കി വിഭാഗിച്ചു
വന്നേൻ സ-വിധേ! കൃപ ചെയ്യണമേ.

തൻ പെസഹായാൽ - പെസഹാ മേഷം
നീക്കി-പ്പഴമ-തികച്ച ധുനാ-
തൻ തനു ഭാഗിച്ചോൻ വന്ദ്യാ
വന്നേൻ സ-വിധേ! കൃപ ചെയ്യണമേ

നിങ്ങളിലേകൻ - ഒറ്റിടുമെന്ന
അത്താഴത്തിൽ ചൊന്നേശു
ശിഷ്യന്മാരൊടു തെളിവായ്
വന്നേൻ സ-വിധേ! കൃപ ചെയ്യണമെ

ആരുടെ സാമ്യം - ചെയ്ത-ബ്രാഹാം
നിജസുത ജീവൻ രക്ഷിച്ചോ
അവനാഗതനായ് ഹാശായ്ക്കും
വന്നേൻ സ-വിധേ! കൃപ ചെയ്യണമെ

മ്ശിഹാ നാഥൻ - അൻപോടടിയും
പീഡയു-മേറ്റാദത്തെയും
തൻ സുതരെയും രക്ഷിച്ചു
വന്നേൻ സ-വിധേ! കൃപ ചെയ്യണമെ

പരനൊരു പാത്രേ - സലിലം വീഴ്ത്തി
ട്ടര യൂറുമാലാൽ ബന്ധിച്ചു
ശിഷ്യർ തൻ പാദം കഴുകി
വന്നേൻ സ വിധേ! കൃപ ചെയ്യണമെ.
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
വാനവ രാജ! സഭയോടു കൃപ ചെയ്തും
ബലവത്താക്കുക തൻ ശൃംഗം
പിതൃസുത റൂഹായാം പരനെ
വന്നിതു സ-വിധേ! സ്തുതി പാടുന്നു
കുറിയേലായിസോൻ

<u>മസ്മൂർ 19 (വിശുദ്ധ ഗ്രന്ഥം)</u>

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു; ആകാശ വിതാനം തന്റെ കൈപ്പണിയെ കാണിക്കുന്നു.

പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂതലത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ തന്റെ കൂടാരമടിച്ചു.

അതു തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളൻ എന്ന പോലെ ആകുന്നു. ശക്തൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ ഒരറ്റത്തു നിന്നു അതിന്റെ ഉദയവും ആകാശത്തിന്റെ അറുതിയിൽ അതിന്റെ അസ്തമനവും ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറയറ്റതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാനികളാക്കുന്നതുമാകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമലവും എന്നേക്കും നിലനില്ക്കുന്നതും ആകുന്നു; കർത്താവിന്റെ ന്യായവിധികൾ സത്യമായുള്ളവയും സകലത്തിലും നീതിയുള്ളവയും ആകുന്നു.

അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു;

അത്രയുമല്ല: നിന്റെ ദാസനു അവയാൽ പ്രബോധനം ലഭിക്കും; അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും;

പിഴകളെ തിരിച്ചറിയുവുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കി ത്തീർക്കണമേ!

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴിഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ നിന്നു നിന്റെ ദാസനെ തടുക്കണമേ.

എന്റെ സഹായകനും, എന്റെ രക്ഷകനുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ തിരുവിഷ്ട പ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം തിരുമുമ്പാകെയും ഇരിക്കണമേ!

*ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

<u>എനിയാനൊ</u>

***(കാഴ്ചയതിൽ കർത്താവേ ..)***

മ്ശിഹാ തൻ ഹാശാ നാളിൽ
വരുവിൻ പ്രിയരെ ദുഃഖിപ്പാൻ
ദുഷ്ടർ സീയോനിൽ ചെയ്ത
ദുഷ്ടതയിൽ വിലപിച്ചീടാം

ഞങ്ങളെ-യോർത്തൊരു നിൻ താഴ്മ
ശ്ലാഘിപ്പാൻ കഴിവാർക്കുണ്ട്
ശിക്ഷിതനാദത്തിൽ പേർക്കായ്
കൃപ നിന്നെ കുരിശതിലേറ്റി

ഭീകര-മദ്ഭുത വീര്യത്താൽ
മെസ്രേനിന്നേറ്റിയ തോട്ടം
നാശം ചേർന്നുഷരമായി
ട്ടതിലേ പാന്ഥർ നടകൊണ്ടു

പിഴുതാത്തോട്ടം പല ദേശ
ചിതറി തൻ സ്ഥാനം തന്നിൽ
തിരുസഭയെ ചേർത്തോൻ വന്ദ്യൻ
സ്തുതി-യവനായ് സഭ പാടുന്നു

ശിഷ്യന്മാർ ഗുരു തൻ പക്കൽ
വന്നോരീ പെസഹാനാളിൽ
തിരുഹിതമാം പെസഹാനാളിൽ
എവിടെ-യൊരുക്കേണം ചൊന്നാർ
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നിൻസമയം വന്നതു നാഥാ!
നീ ബോധിച്ചതിനാൽ കീപ്പാ-
യോഹന്നാന്മാരെ, യയച്ചു
പെസഹാ പാകം ചെയ്തീടാൻ

കുറിയേലായിസോൻ

***അല്ലങ്കിൽ - ഗദ്യം***

എന്റെ സഹോദരന്മാരേ, വരുവിൻ നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവത്തിൽ നമുക്ക് കഷ്ടത അനുഭവിക്കാം. ഭോഷന്മാരായ സെഹ്യോൻ പുത്രന്മാർ പ്രവർത്തിച്ച ഭയങ്കര സംഗതിയെക്കുറിച്ച് നമ്മുടെ ഹൃദയം നിലവിളിക്കട്ടെ.

കർത്താവേ! ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടിയുള്ള നിന്റെ താഴ്മയെ സ്തോത്രം ചെയ്യുവാൻ കഴിവുള്ളവൻ ആരുള്ളു?. കുറ്റക്കാരനായ ആദാം നിമിത്തം മരത്തിന്മേൽ നിന്റെ കരുണ നിന്നെ തൂക്കി.

മെസ്രേമിൽ നിന്ന് ശക്തിയോടും സംഭ്രമത്തോടും ഇളക്കത്തോടും പുറപ്പെട്ട മുന്തിരിത്തോപ്പ് ഇതാ ശൂന്യമായിത്തീർന്നിട്ട് വഴിപോക്കർ ചവിട്ടിക്കളയുന്നു.

മുന്തിരിത്തോപ്പിനെ ഉന്മൂലനം ചെയ്യുകയും ജാതികളുടെ ഇടയിൽ അതിനെ ചിതറിച്ചുകളയുകയും പരിശുദ്ധ സഭയെ തനിക്കായി വിവാഹം നിശ്ചയിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കണ്ടാലും ഇതാ തനിക്ക് അവൾ മഹത്ത്വം പാടുന്നു.

ഇന്നേദിവസം നമ്മുടെ രക്ഷകന്റെ അടുക്കൽ ശിഷ്യന്മാർ അടുത്ത് ചെന്നു. *നിനക്ക് പെസഹാ ഭക്ഷിക്കുവാൻ ഞങ്ങൾ എവിടെ ഒരുക്കുവാൻ നീ ആഗ്രഹിക്കുന്നു* എന്ന് ചോദിച്ചു.

*ബാറെക്മോർ*

കർത്താവേ! നിന്റെ സമയം സമീപിച്ചിരിക്കുന്നു എന്ന് നീ ഗ്രഹിച്ചപ്പോൾ നിനക്ക് അത്താഴം ഒരുക്കുവാൻ കീപ്പായെയും യോഹന്നാനെയും നീ അയച്ചു.

*കുറിയേലായിസ്സോൻ*

**ഏശായാ 42:10 – 13; 45:8 (വിശുദ്ധ ഗ്രന്ഥം)**

(42:10-13) സമുദ്ര മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും അതിലെ സകല ദ്വീപുകളും അവയിലെ നിവാസികളുമേ, കർത്താവിന് ഒരു പുതിയ പാട്ടും ഭൂമിസീമയിൽ നിന്ന് അവന് സുതുതിയും പാടുവീൻ.

മരുഭൂമിയും അതിലെ പട്ടണങ്ങളും സന്തോഷിക്കട്ടെ. കേദാർ മേച്ചിൽപുറങ്ങളായിരിക്കട്ടെ. പാറകളിലെ നിവാസികൾ ഘോഷിച്ചുല്ലസിക്കുകയും മലമുകളിൽനിന്ന് ആർക്കുകയും ചെയ്യട്ടെ.

അവർ കർത്താവിന് മഹത്വം കൊടുത്തു. അവന്റെ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ.

കർത്താവ് ഒരു വീരനെപ്പോലെ തീക്ഷ്ണതയെ ജ്വലിപ്പിക്കും അവൻ ആർത്തു വിളിക്കും, അവൻ ഉച്ചത്തിൽ ആർക്കും. തന്റെ ശത്രുക്കളെ സംഹരിക്കും.

(45:8) ആകാശമേ, മേലിൽനിന്നു ജലം പൊഴിക്കുക. മേഘങ്ങൾ നീതി വർഷിക്കട്ടെ. രക്ഷ വിളയുവാൻ ഭൂമി തുറന്നുവരട്ടെ. അത് നീതിയെ മുളപ്പിക്കട്ടെ. ദൈവമായ ഞാൻ അത് സൃഷ്ടിച്ചിരിക്കുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

***ഗോഗുൽത്തായിൽ സോദരരെ***

സദയം ചെറുതായ്-വിനയത്തിൽ
പ്രീ-താ കായം കൈക്കൊണ്ടും
നര ജാതം ചെയ്തോനീശോ!
ഹാശായ്ക്കിവരെ വിളി ചെയ്താൻ
കാ-രുണ്യം തവ വാഴ്ത്തീടാൻ
യോഗ്യത നല്കുക സ-ർവേശാ

പ്രേഷിതരോടോ-തി ശേഷം
തൻ നിണമവരിൽ ഭാഗിച്ചും
സ്മാരകമാമീ കർമ്മത്തെ
ചെയ്യേണ്ടും വഴി കാണിച്ചാൻ
ശ്ലീ-ഹന്മാരത്യദ്ഭുതരായ്
അന്യോന്യം നോക്കി-പ്പാ-ർത്താർ

മർമ്മത്തെ-മർമ്മം നോക്കി
ദൃഷ്ടാന്തം യാഥാർത്ഥ്യ-ത്തെ
വിണ്ണിൻ പതി ശ്രേഷ്ഠൻ മൂലം
മുൻ നിബിയർ സൂചിപ്പിച്ച

ബൊ-ധനമെല്ലാം നിറവേറി
സ്തുതി തേ സതതം-സർവേ-ശാ

ഹാശാതൻ പ-ങ്കേറ്റീടാൻ
ബ-ലമേകണമെങ്ങൾക്കീശോ!
ചേതനയറ്റൊരു ജാലങ്ങൾ
മ്ളാനത പൂണ്ടിന്നേ ദിവസം
തൻ-പീഡപാരമ്യത്തിൽ
സഹജർ നാമും ഖേ-ദി-ക്ക
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

പിതൃസുത പരിശൂ-ദ്ധാത്മാവാം
സ-ത്യേക പരനായ് മേ-വും
സർവേശന്നായ് - ട്ടനവരതം
സാദര സ്തുതി - യങ്ങേറ്റട്ടെ
എ-ല്ലാ വായും നാവുകളും
സ്തോത്രം സതതം പാ-ട-ട്ടെ
കുറിയേലായിസോൻ

സങ്കീ 14:1 ദൈവം ഇല്ല എന്ന് അധർമ്മി തന്റെ ഹൃദയത്തിൽ പറയുന്നു.
അവർ വഷളായി തങ്ങളുടെ ഉപായങ്ങളാൽ അശുദ്ധിപ്പെട്ടു. നന്മ ചെയ്യുന്നവനില്ല.

ഇന്നേ ദിവസം - കാസായിൽ മുക്കിയ പൂപം യൂദായ്ക്കേകി
ഒറ്റിടു-മിവനെ-ന്നാശിഷ്യർ ബോധിച്ചതിനാൽ
കുറിയേലായിസോൻ
സങ്കീ 14:2, വിവേകത്തോടെ ദൈവത്തെ അന്വേഷിക്കുന്നവനുണ്ടോ എന്നു കാൺമാൻ,
സ്വർഗ്ഗത്തിൽ നിന്ന് കർത്താവ് മനുഷ്യരുടെമേൽ സൂക്ഷിച്ചു നോക്കി.

ഇന്നേ ദിവസം - മുക്കിയ പൂപത്താൽ കാണപ്പെട്ടാ വഞ്ചകനും
അവനിലെഴുന്നൊരു നീചത്വം പ്രബലമതായി
കുറിയേലായിസോൻ
സങ്കീ 14:3, എല്ലവരും ഒരുപോലെ വഴിതെറ്റി കൊള്ളരുതാത്തവരായി തീർന്നു.
നന്മചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല.

ഇന്നേ ദിവസം പരനുടെ ജീവക്കുഞ്ഞാടും-പെസഹാ ചെയ്തു
ഹിതമൊടു ബലി താനായീടാൻ-സ്വയ-മേല്പിച്ചാൻ
കുറിയേലായിസോൻ

സങ്കീ 14:4, അവർ അപ്പം ഭക്ഷിക്കുന്നതുപോലെ എന്റെ ജനത്തെ ഭക്ഷിക്കുന്നവരായി.
അന്യായം പ്രവർക്കുന്ന ഒരുവനും അറിഞ്ഞില്ല. അവർ കർത്താവിനെ വിളിച്ചുമില്ല.

ഇന്നേ ദിവസം-മമ മെയ് ഭക്ഷിച്ചെൻ രക്തം പാനം ചെയ്തും
വിശ്വാസം പാലിച്ചീടാൻ പ്രിയരൊടു ചൊന്നാൻ
കുറിയേലായിസോൻ

സങ്കീ 14:5, അവർ അവിടെ വളരെ ഭയപ്പെട്ടു. എന്തെന്നാൽ കർത്താവു നീതിമാൻമാരുടെ
തലമുറയിലാണുള്ളത്.

ഇന്നേ ദിവസം അത്താഴത്തിൽ യോഹന്നാൻ-മാരോടു ചാര
ഈറയരത്ഭുതരായ് വാനിൽ - സ്തോത്രം പാടി

കുറിയേലായിസോൻ

സങ്കീ 14:6, അവർ ദരിദ്രന്റെ വിചാരത്തെ ലജ്ജിപ്പിച്ചു., എന്നാലോ കർത്താവു
അവന്റെ പ്രത്യാശയാകുന്നു.

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഇന്നേ ദിവസം - തൻ കൈകാലുകളിൽ - വയ്പാനാണികൾ, കുന്തം
ഉയിരുടയോൻ പേർക്കായ് ചേർത്താർ-ശപ്തർ യൂദർ. ആമ്മീൻ

113-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

**പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി**

കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവിൻ. കർത്താവിന്റെ തിരുനാമം സ്തുതിപ്പിൻ.
കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നെന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.
സൂര്യോദയം മുതൽ അതിന്റ അസ്തമനംവരെയും കർത്താവിന്റെ തിരുനാമം വലിയതാകുന്നു.
കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ ബഹുമാനം സ്വർഗ്ഗങ്ങൾക്കു മീതെയും ആകുന്നു.
ആകാശത്തിലും ഭൂമിയിലും നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആരുള്ളു
താൻ ഉയരത്തിൽ വസിക്കുകയും; അഗാധത്തിൽ നോക്കുകയും ചെയ്യുന്നു;
ജനത്തന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു എളിയവനെ കുപ്പയിൽ നിന്നു ഉയർത്തുന്നു.
താൻ വന്ധ്യയെ മക്കളുടെ മാതാവായി സസന്തോഷം വസിപ്പിക്കുന്നു.

*ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

148, 149, 150, 116 മസ്മൂർകൾ

***(ഈ മസ്മൂർകൾ രാത്രീ നമസ്കാരത്തിൽ ചൊല്ലിയിട്ടുണ്ടങ്കിൽ ഇവിടെ ചൊല്ലണ്ടതില്ല)***

**ഉറങ്ങിയവരെ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ**

ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.

തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;

ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!

എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും

പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!

ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്വാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമെൽ ഓലം ഓൽമീനാമ്മീൻ*

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

***ബ്യേദൻ സപ്രൊ..***

സഭതൻ മക്കൾ - മഹാതാ - മുഷസ്സിൻ സ്തുതി പാടീടും
സിദ്ധന്മാർ-തൻകൂടെ-വാഴ്ത്തി കീർത്തിക്കും
സംസ്തുതി തേ ദേവേശാ!
ഇന്നേ ദിവസം - നിന്നുടെ മെയ് രക്തം ഭാഗിച്ചും
പുതുകല്പന നൽകീട്ടവരെ-ബോധിതരാക്കി
സംസ്തുതി തേ ദേവേശാ!
സഭ മോദിച്ചും-തൽ ജാതന്മാർ സ്തുതി ഘോഷിച്ചും
നിൻ തനു-രുധിരാൽ പാപഹരം നേ-ടിപ്പാടും
സംസ്തുതി തേ ദേവേശാ!
ഇന്നേ ദിവസം-ബലി പൂജാദികളർപ്പിച്ചോരോ-
മെല്ലാരും നിൻ നാമം കീർത്തിച്ചോതീടും
സംസ്തുതി തേ ദേവേശാ!
സോദരരേ നാം തൻ മെയ് രുധിരങ്ങൾ തന്നും
മോക്ഷത്തിന്നാഹ്വാനം ചെയ്തോനേ വാഴ്ത്താം
സംസ്തുതി തേ ദേവേശാ!
പാവന രുധിരാൽ സ്വാതന്ത്ര്യം തന്നോനീശന്നായ്
സഭയും സുതരും സ്തോത്രം സതതം - ചെയ്യട്ടെ
സംസ്തുതി തേ ദേവേശാ!
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമെൽ ഓലം ഓൽമീനാമ്മീൻ*
പിഴയിൽനിന്നും മാനവരെ സംരക്ഷിച്ചോനെ
വന്ദിച്ചീടാം സോദരരേ നാമെല്ലാരും
സംസ്തുതി തേ ദേവേശാ! *കുറിയേലായിസോൻ*

*അല്ലങ്കിൽ - ഗദ്യം*

സഭയുടെ മക്കൾ ആ വലിയ പ്രഭാതത്തിൽ നിന്നെ സ്തോത്രം ചെയ്യുകയും നിന്നെ സ്നേഹിച്ച നീതിമാന്മാരോടൊന്നിച്ചു നിന്നിൽ സന്തോഷിക്കുകയും ദൈവമേ, നിനക്കു സ്തുതി എന്ന് മഹത്വം പാടുകയും ചെയ്യുമാറാകണമേ.

ഇന്നേദിവസം നിന്റെ ശ്ലീഹന്മാർക്ക് നിന്റെ തിരുശരീര രക്തങ്ങൾ നീ നൽകി. പുതിയ കല്പന അവരെ നീ ഭരമേല്പിക്കുകയും ദൈവമേ! നിനക്ക് സ്തുതി എന്ന് അവർ പാടുകയും ചെയ്തു.

കർത്താവേ! നിന്റെ തിരുശരീരരക്തങ്ങളാൽ പുണ്യപ്പെട്ട തിരുസഭയും അതിന്റെ മക്കളും സന്തോഷിക്കുകയും ദൈവമേ! നിനക്കു സ്തുതി എന്ന് അവർ പാടുകയും ചെയ്യുമാറാകണമേ.

ഇന്നേദിവസം ബലികളാൽ നിന്നെ ആഘോഷിച്ച എല്ലാ മേല്പ്പട്ടക്കാരും നിന്നെ സ്തോത്രം ചെയ്യുകയും ദൈവമേ! നിനക്കു സ്തുതി എന്ന് അവർ പാടുകയും ചെയ്യുമാറാകണമേ.

തന്റെ ശരീരരക്തങ്ങൾ നമുക്ക് നൽകിയവനെ നാം സ്തോത്രം ചെയ്യണം. തന്റെ രാജ്യത്തിൽ ദൈവമേ! നിനക്ക് സ്തുതി എന്ന് അട്ടഹസിപ്പാൻ അവൻ നമ്മെ ക്ഷണിച്ചിരിക്കുന്നു.

തന്റെ പുണ്യരക്തത്താൽ നമ്മെ സ്വാതന്ത്ര്യപ്പെടുത്തിയവന് പരിശുദ്ധ സഭയും അതിന്റെ മക്കളും ദൈവമേ! നിനക്കു സ്തുതി പാടുമാറാകട്ടെ.

*ബാറക്മോർ*

സഭയുടെ എല്ലാ മക്കളും നിനക്ക് സ്തുതി ആർക്കുമാറാകട്ടെ. വഴിതെറ്റിൽ നിന്ന് രക്ഷിക്കപ്പെട്ടിട്ടുള്ള എല്ലാവരും ദൈവമേ! നിനക്ക് സ്തുതി എന്ന് അട്ടഹസിക്കുന്നു.

കുറിയേലായിസോൻ

## <u>തുബൈഹൂൻ</u>

വി.മത്തായി 5 : 3 - 12 (വിശുദ്ധ ഗ്രന്ഥം)

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ - എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.
ദുഃഖിതർ ഭാഗ്യവാന്മാർ - എന്തെന്നാൽ അവർ ആശ്വസിക്കപ്പെടും
താഴ്മയുള്ളവർ ഭാഗ്യവാന്മാർ - അവർ ഭൂമിയെ അവകാശമായനുഭവിക്കും
നീതിയ്ക്കായി വിശന്നും ദാഹിച്ചും ഇരിക്കുന്നവർ ഭാഗ്യവാന്മാർ - അവർ തൃപ്തരാകും
കരണാമാനസർ ഭാഗ്യവാന്മാർ - അവരുടെമേൽ കരുണയുണ്ടാകും.
നിർമ്മല ഹൃദയർ ഭാഗ്യവാന്മാർ - അവർ ദൈവത്തെ കാണും.
സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ - അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും
നീതിയ്ക്കായ് പീഡയേൽക്കുന്നവർ ഭാഗ്യവാന്മാർ -
എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.
മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും എന്നെപ്രതി നിങ്ങൾക്കെതിരായി
സർവ്വ ദുർവാക്കുകളും അസത്യമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ
അപ്പോൾ നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള
പ്രതിഫലം വർദ്ധിച്ചിരിക്കുന്നു.

***(മോശാഫിർവോ .. )***

പാരം ശ്രേഷ്ഠം - നര രക്ഷയ്ക്കായ്-മൃതി ചേരാൻ വന്നപ്പോൾ
പന്തിരുപേർക്കായ് തിരുകർമ്മം - ഗുരു കാണിച്ചും
തന്നുടെ ഹാശാ-കുരിശും വരിച്ചാൻ

പാരം ശ്രേഷ്ഠം - ദേവാത്മജൻ തൻ നിർദ്ദേശം കേട്ടുടനെ
യോഹന്നാനും കീപ്പായും-വിധിപോൽ പോയാർ
ഗുരുവിനും-പെസഹാ-പാകം ചെയ്തീടാൻ

ഇന്നേ ദിവസം ഗുരു തൻ പെസഹ മുറപോൽ തയ്യാറാക്കാൻ
അന്യമതായൊരു ഗേഹത്തിൽ - ചെന്നാർ ശിഷ്യർ
വാസം ചെയ്-വാൻ സ്ഥലമില്ലാത്തോൻ പോൽ

ഇന്നേ ദിവസം - മോശ - മെസ്രേൻ-ഭുവിൽ ചെയ്തൊരു പെസഹാ
നിങ്ങൾ കൂടെ ഭക്ഷിപ്പാൻ-വാഞ്ഛിക്കുന്നേൻ

ഏവം ശിഷ്യന്മാരൊടു ഗുരു ചൊന്നാൻ

ദൈവസുതന്റെ-പാവന-മാറിൽ - ശിഷ്യൻ പറ്റിച്ചാരി-
ട്ടതിനാൽ താണവരെ മേലോ-ട്ടേ-റ്റുന്നവനും
നരരിൽ പ്രീതനു മെന്നായ് കാണിച്ചു.
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സ്തുതി താതന്നും-ഖലരിൽ നിന്നും-പാടും കുരിശും പേറി-
ട്ടാദത്തെ കുഴിയിൽ നിന്നും-രക്ഷിച്ചോനാം
സുതനും തന്നുടെ റൂഹായ്ക്കും സ്തോത്രം
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

***അല്ലങ്കിൽ - ഗദ്യം***

നമ്മുടെ കർത്താവ് നമ്മുടെ രക്ഷയ്ക്കുവേണ്ടി മരണം ആസ്വദിപ്പാൻ ഇരിക്കുന്നുവെന്ന് തന്റെ കഷ്ടാനുഭവത്തെക്കുറിച്ചും സ്കീപ്പുസായെക്കുറിച്ചും പന്തിരുവരോട് വെളിപ്പെടുത്തിയ രഹസ്യം എത്രയോ മനോഹരമാകുന്നു.

സർവ്വസൃഷ്ടികളുടെയും ഉടയവന് പെസഹാ കുഞ്ഞാടിനെ ഒരുക്കുവാൻ ശെമഓൻ കീപ്പാ യേയും യൂഹാനോനെയും പറഞ്ഞയച്ചതായ മ്ശിഹാതമ്പുരാന്റെ ശബ്ദം എത്രയോ മനോഹരമാകു ന്നു.

ഇന്നേ ദിവസം ഉയരത്തിന്റെ നാഥന് പാർപ്പാൻ ഇടമില്ലാതിരുന്നതുകൊണ്ട് തനിക്ക് അത്താഴമൊരു ക്കുവാൻ തന്റെ ശിഷ്യന്മാർ അയയ്ക്കപ്പെട്ടു.

ഇന്നേ ദിവസം കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞതെന്തെന്നാൽ - മെസ്രേനിൽവച്ച് മോശ സൂചിപ്പിച്ചിരുന്ന പെസഹാ നിങ്ങളോടൊന്നിച്ച് ഭക്ഷിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. എന്നിൽ പഴയ തെല്ലാം സമാപിച്ച് പുതുതായി തീരുകയും ചെയ്യും.

നിർമ്മലവ്രതനായ യോഹന്നാൻ ദൈവപുത്രന്റെ നെഞ്ചിൽ ചാരികിടന്നു. മേലുള്ളവരുടെ മുമ്പിൽ താഴെയുള്ളവരെ ഉയർത്തുവാൻ താൻ ഇഷ്ടപ്പെടുകയും പാപം ചെയ്യുന്നതിന് മുമ്പ് നമ്മുടെ കുലത്തെ ഇപ്രകാരം താൻ സ്നേഹിച്ചിരുന്നു എന്ന് കാണിക്കുകയും ചെയ്തു.

ബാറെക്മോർ

പിതാവിനും ദോഷികളായ ഞങ്ങളുടെ അടുക്കൽ വന്ന് കഷ്ടതയും സ്കീപ്പായും സഹിച്ച് ആദാമിനെ അവന്റെ അവകാശത്തിലേക്ക് തിരിപ്പിച്ച പുത്രനും നാം സ്തുതി കരേറ്റുന്നു.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## <u>പ്രുമിയോൻ</u>

***(കൂക്കോയോ)***

മാളികയിൽ ചേർന്നൊരു പന്തി-യെത്ര-മഹനീയം
നിരയിലിരുന്നാൾ ശിഷ്യന്മാർ - ഗുരു ശൂ-ശ്രൂഷിച്ചാൻ
താൻ കൈ കഴുകീട്ടവരെ ക്ഷാളിച്ചാൻ
പാവന കയ്യാൽ വിമലതയും നൽകി
സ്തുതിയൊടു ഖണ്ഢിച്ചാതിരുമെയ്-ശിഷ്യ-ന്മാർക്കേകി
രക്ഷാകരമാം കാസായും വിമലതയും നൽകി
സ്തുതിയൊടു ഖണ്ഢിച്ചാതിരുമെയ്-ശിഷ്യ-ന്മാർക്കേകി
രക്ഷാകരമാം കാസായും-ഭാഗി-ച്ചെല്ലാർക്കും
ഹാലേലുയ്യാ - സ്തുത്യൻ താൻ കർത്തൻ
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സാക്ഷാൽ ഗുരുവേ-വിട്ടകലേ-പോ - യൊ-രുനേ-രം
യൂദായെ പ്രതി - രോദിച്ചു -സാഗ-രവും കരയും
സങ്കടമോടെ വിങ്ങിച്ചൊന്നേവം

ഭ്രാന്തൻ ശിഷ്യാ എങ്ങോട്ടോടുന്നു
    പകലതു വിട്ടിട്ടെന്തിനു നീ രാവിൽ - ചേർന്നു
    ഉലകിൽ വന്നോരുയിരതിനെ - നീ നഷ്ട-മതാക്കി
ഹാലേലുയ്യാ - ദുർഭഗനെന്നും നീ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

ആ മാളികയിൽ നടത്തപ്പെട്ട വിരുന്ന് എത്രയോ മഹനീയമായിരുന്നു. ശിഷ്യന്മാർ ഭക്ഷണത്തിന് ഇരിക്കുകയും ഗുരു അവരെ ശുശ്രൂഷിക്കുകയും ചെയ്തു. താൻ തൃക്കൈകൾ കഴുകി എഴുന്നേറ്റ് അവരെ ശുശ്രൂഷിച്ചു. വെടിപ്പുള്ള കൈകളാൽ അവരെ ശുദ്ധീകരിച്ചു. എഴുന്നേറ്റ് പ്രാർത്ഥിക്കുകയും തിരുശരീരം മുറിച്ച് അവർക്ക് വിഭജിക്കുകയും രക്ഷയുടെ കാസായാകുന്ന തിരുരക്തം അവരെ കുടിപ്പിക്കുകയും ചെയ്തവനായ തന്റെ കൃപയ്ക്ക് സ്തുതി.

*ബാറക്മോർ*

കരയും കടലും അവയിലുള്ള സകലവും യൂദായെക്കുറിച്ച് നിലവിളിച്ചു. സത്യഗുരുവിൽ നിന്ന് അവൻ വേർപിരിഞ്ഞ സമയത്ത് അവർ ഉത്തരമായിട്ട് ദുഃഖത്തോടും സങ്കടത്തോടും കൂടി പറഞ്ഞതെന്തന്നാൽ - നീ പകലിനെ ഉപേക്ഷിച്ച് അന്ധകാരത്തെ സ്നേഹിച്ചിരിക്കുന്നതെന്തിന്?. ലോകത്തിന് ലഭിച്ചിരിക്കുന്ന രക്ഷയിൽ നിന്ന് നീ നിന്നെ തന്നെ തടഞ്ഞിരിക്കുന്നതും എന്തിന്? നിനക്ക് എന്നേയ്ക്കും അയ്യോ കഷ്ടം!

## എത്രോ

### വീണ്ടും കോലോ

*( അഗ്ന്യാത്മീയന്മാരീറേരും ... )*

ശിഷ്യരുമായ് - ഭക്ഷിക്കുന്നേരം
നിജ കഷ്ടത ഗുരു വർണിച്ചു
യോഹന്നാൻ - ചാരേ യാഗതനായ്
ഗുരുമാറോടു ചേർന്നിദമോതി
ആരൊറ്റും നിന്നെ നാഥാ
ലക്ഷ്യം ചൊന്നേവം ഗുരുവും
ഒന്നിച്ചപ്പം മുക്കുന്നോൻ
പാതകരാം ശപ്ത ജനത്തി-
ന്നെന്നെ - യവനേല്പിച്ചീടും
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഈ ദിവസം - പാവനകൈത്താരിൽ
തൻ നിണ കാസാ ചേർത്തീശൻ
സ്തോത്രത്തോ-ടതു പാവനമാക്കി
ശിഷ്യന്മാർക്കേകി - ച്ചൊന്നാൻ
കാസ-യിതു താനെൻ രക്തം
ഏവനുമിതു പാനം ചെയ്-വിൻ
പാനം ചെയ്യുന്നോനെല്ലാം
വാനിൽ മോക്ഷ ശാശ്വതമാം
ജീവന്നവകാശം കിട്ടും

***അല്ലങ്കിൽ - ഗദ്യം***

കുഞ്ഞാടുകളായ ശിഷ്യന്മാർ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ കർത്താവ് തന്റെ പീഡാനുഭവത്തിന്റെ രഹസ്യം അവർക്ക് വെളിപ്പെടുത്തി. യുവാവായ യൂഹാനോൻ അടുത്ത് ചെന്ന് തന്റെ നെഞ്ചിൽ ചാരി, കർത്താവേ! നിന്നെയേല്പിച്ച് കൊടുക്കുന്നവൻ ആരാകുന്നു എന്ന് ചോദിച്ചു. താൻ അവന് അടയാളം

കൊടുത്തുകൊണ്ട് പാത്രത്തിൽ എന്നോടൊന്നിച്ച് കൈമുക്കുന്നവൻ ശപിക്കപ്പെട്ട ജനത്തിന് എന്നെ ഏല്പിച്ചു കൊടുക്കുന്നവനാകുന്നുവെന്ന് അരുളിച്ചെയ്യുകയും ചെയ്തു

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ഇന്നേ ദിവസം നമ്മുടെ കർത്താവ് പരിശുദ്ധ തൃക്കൈകളിൽ കാസാ എടുത്ത് സ്തോത്രം ചെയ്ത് അതിനെ ശുദ്ധീകരിച്ച് ശിഷ്യന്മാർക്ക് കൊടുത്തു. - ഇത് എന്റെ ജീവനുള്ള രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്ന് പാനം ചെയ്യുവിൻ. നിങ്ങൾക്കും ഇതിനെ സ്വീകരിക്കുന്ന എല്ലാവർക്കും സ്വർഗ്ഗരാജ്യത്തിൽ നിത്യജീവനെ ഇത് ക്ഷണിച്ചുവരുത്തുന്നു.

## ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ!

മെസ്രേൻ ഭൂവിൽ-ആരംഭിച്ച
പെസഹാ മേഷം-തയ്യാറാക്കാൻ
മോശയു-മഹറോ-നിവരെന്നതുപോൽ
ഇന്നേ ദിവസം-കീപ്പാ യോഹ-
ന്നാന്മാരിരുവ-രു - മാഗതരോയാർ

സീനാ ഗിരിയിൽ-മൂടൽ മഞ്ഞിൽ
മേഘ ധ്വനിയിൽ - വന്നോൻ നിന്നെ
കണ്ടൊരു മോശ - മുഖ ഭാസുരനായ്
നീ മാളികയിൽ-പന്തിരുപേർക്കായ്
നിൻമെയ് നിണവും-ഭാഗിച്ചേകി

മേഷ-സാമ്യൻ-ഉപമപ്പൊരുളേ!
ബോധത്തികവേ! ശ്രേഷ്ഠാചാര്യ!
ഞങ്ങൾ പേർക്കായ് നീ യജ്ഞമതായ്
വന്ദനമെല്ലാം - നിങ്കൽ യുക്തം
നിന്നെ തന്നോൻ - താതൻ പൂജ്യൻ

നിൻവിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

ഇന്നേ ദിവസം ശെമഓൻ കീപ്പായും യുഹാനോനും മോശയുടെയും ആചാര്യനായ അഹറോന്റെയും സാദൃശ്യത്തിൽ മെസ്രേനിലെ ദൃഷ്ടാന്തപരമായിരുന്ന പെസഹാ ഒരുക്കുവാൻ അയയ്ക്കപ്പെട്ടു.

സീനായ്മലമേൽ ഇടിമുഴക്കത്തോടും കാഹളധ്വനിയോടും മേഘതമസ്സോടും ഇറങ്ങിവന്നവനെ മോശ ദർശിച്ച് വെണ്മയുള്ളവനാക്കിത്തീർത്തു. താൻ മാളികയിൽ വച്ച് പന്തിരുവർക്ക് തന്റെ ശരീരത്തെ ഖണ്ഡിക്കുകയും തിരുരക്തത്തെ കലർത്തികൊടുക്കുകയും ചെയ്തു.

രഹസ്യങ്ങളുടെ കുഞ്ഞാടും ദൃഷ്ടാന്തങ്ങളുടെ പൂർത്തീകരണവും ബോധങ്ങളും മുദ്രയും ഞങ്ങൾക്കുവേണ്ടി സമാധാനബലിയായി സമർപ്പിച്ച മഹാപുരോഹിതനും ആയുള്ളോവേ സർവ്വ ആരാധനകളും നിനക്ക് സമർപ്പിക്കപ്പെടുന്നു. നിന്നെ അയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ അപ്രേമിന്റെ ബൊവുസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ
　　　　ദേവാ!. ദയയുണ്ടാകേണം
　　　　നാഥാ! കൃപതോന്നേണമൻപാൽ
ശ്രേഷ്ഠമതാമി - പ്പെരുന്നാളിൽ
പെസഹായെ ഭക്ഷിച്ചിട്ട്
പഴയതിനെ നീക്കം ചെയ്യും
മോക്ഷം പാകം ചെയ്തീടാൻ
സാക്ഷാൽ ഗുരുവാകും നിന്നാൽ
ശിഷ്യന്മാരാഗതരായാർ
പാകം ചെയ്തോരോടതിനെ
ഗുരു തൻ മേശയിലർപ്പി-ച്ചാർ　　ദേവാ!..

പരസുത ജീവക്കുഞ്ഞാടെ!
ശ്രേഷ്ഠമതായതു നീ ചെയ്തു
മോശ പെസഹാ മേഷത്തെ
യവസാനിപ്പിച്ചീടാൻ നീ
വിരമിപ്പിച്ച - ഹറോനേയും
വെട്ടും കത്തിയതും നീക്കി
വാനം ഭൂമൗ വാസികളാൽ
സ്നേഹാബ്ധേ! നീ സം-സ്തുത്യൻ　ദേവാ!..

രണ്ടു ഗണം തേ സ്തുതി ചെയ്യും
രണ്ടിൽ നിന്നും ചതിയർ പോയ്
ദ്യോവിൽ നിന്നാ സാത്താനും
ശിഷ്യന്മാരിൽ യൂദായും
സ്കീപ്പായാൽ　മംഗളമാർന്ന
സഭയതിനാൽ സ്തോത്രം ചെയ്യും
പാപവിമുക്തി പ്രാപിച്ചോർ
സർവ്വം നിന്നെ വന്ദി-പ്പൂ　　　　ദേവാ!..

കുരിശാൽ സ്വാതന്ത്രം കൊണ്ടാ-
നരലോകം തേ സ്തുതി പാടും
പാവന നിൻമെയ് രക്തങ്ങൾ
കൈക്കൊണ്ടോരും സ്തുതി പാടും　ദേവാ!..

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ　　　　ദേവാ!..

## പെസഹാ കൗമാ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
　ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഔക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

### പെസഹാ വ്യാഴാഴ്ച മൂന്നാം മണി

✝ *പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,*
തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

**പെസഹാ കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

എനിയോനോ

*( ഹൗദ് ഉഹദോനോ )*

തൻ തനു രുധിരാൽ-മൃതിയുത്ഥാനം
ഇവതൻ സ്മരണം ചെയ്തീടാൻ
ശിഷ്യരൊടാജ്ഞാപിച്ചോനെ!
വന്നോൻ സ-വിധേ! - കൃപ ചെയ്യണമേ.

തൻപെസഹായാൽ - പഴയതു പോക്കി
തന്നുടെ നിർമ്മല രുധിരത്തിൽ
പുതുനിയമം തന്നോൻ വന്ദ്യൻ
വന്നേൻ സ-വിധേ - കൃപ ചെയ്യണമേ

പാവന പെസഹാ-യാമീ പെരുന്നാളിൽ
ധന്യത സഭയിൽ ചേർത്തും കൊ
ണ്ടതു കൃപയാൽ പാലിപ്പോനെ
വന്നേൻ സ-വിധേ! കൃപ ചെയ്യണമേ.

തൻ പെസഹായാൽ - സഭയിൽനിന്നും
ദ്രോഹിയെ നീക്കം ചെയ്തപരാ
സ്തുതി തേ-യുധനാ പാടുന്നു
വന്നേൻ സ-വിധേ! കൃപ ചെയ്യണമേ
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ദയ നിധി മ്ശിഹാ -മമ - പിഴപോക്കി
പാപ-മശേഷം നീക്കണമേ
താത സുതത്മാവാം നിന്നെ
വന്ദിച്ചീടാ-നക വെളിവരുൾക
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

***അല്ലങ്കിൽ - ഗദ്യം***

തന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഓർമ്മ തന്റെ ശരീരത്താലും രക്തത്താലും അനുഷ്ഠിപ്പാൻ തന്റെ ശിഷ്യന്മാരോട് കൽപ്പിച്ചവനായ ദൈവമേ! നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോട് കരുണയുണ്ടാകണമേ.

തന്റെ പെസഹായാൽ പഴയതിനെ നിവർത്തിക്കുകയും പുതിയതിനെ ആരംഭിക്കുകയും ജീവനും വിശുദ്ധിയുമുള്ള തിരുരക്തത്താൽ അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തവനായ ദൈവമേ! നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതു കൊണ്ട് എന്നോട് കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ പരുശുദ്ധ പെസഹായുടെ ഈ പെരുന്നാളിൽ നിന്റെ ദാനങ്ങൾകൊണ്ട് നിന്റെ സഭയെ നീ സമ്പന്നമാക്കുകയും നിന്റെ ആനന്ദം കൊണ്ട് അതിനെ നീ നിറയ്ക്കുകയും ചെയ്യണമേ. ദൈവമേ! നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോട് കരുണയുണ്ടാകണമേ.

തന്റെ പെസഹായാൽ സഭയിൽ നിന്നും അതിന്റെ മക്കളിൽ നിന്നും സംഹാരകനെ തടഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കണ്ടാലും അവൾ നിനക്ക് മഹത്വം പാടുന്നു. ദൈവമേ! നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോട് കരുണയുണ്ടാകണമേ. ബാറെക്മോർ

കരുണ നിറഞ്ഞവനായ മ്ശിഹാ! ഞങ്ങളുടെ കടങ്ങൾ നീ പരിഹരിക്കുകയും ഞങ്ങളുടെ തെറ്റുകൾ നീ ക്ഷമിക്കുകയും ചെയ്യണമേ. നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശൂദ്ധ റൂഹായേയും സ്തുതിപ്പാൻ തക്കവണ്ണം ഞങ്ങളുടെ ബോധങ്ങളെ നീ പ്രകാശിപ്പിക്കണമെ.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## പ്രുമിയോൻ

***( അഗ്യാത്മീയന്മാരീറേരും ... )***

ചെറു ശിഷ്യൻ - തൊട്ടെല്ലാപേരും
ഗുരു തൻ കൈയാൽ ക്ഷാളിതരായ്
ശീമോൻ തൻ - ചാരെ വന്നപ്പോൾ
കഴുകരുതെൻ കാലെ-ന്നോതി
ഗുരു പ്രതി ചൊന്നവനോടേവം
മമ ഹിത-മെതിരായ് നീ നിൽക്കിൽ
സഹിതേ-യോഹരിയെൻ കൂടെ
ഭീത്യാ കീപ്പാ പ്രതിയോതി
കഴുകണമെൻ തലയും കാലും
*ബാറെക്മോർ - (ശുബഹോ) - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നിൻ ശ്രേഷ്ഠൻ -മോശാ സീനായിൽ
മഹതാമൊരു കാന്തി ധരിച്ചു
സർവേശൻ-മേഘ-പ്പുക മഞ്ഞിൽ

മർമ്മം ചൊന്നവനോടായ്
തന്നുടെ പ്രാഭവ കാന്തിയതിൽ
മോശ മുഖം ശോഭിപ്പിച്ചോൻ
ഈ ദിവസം ചെറു മാളികയിൽ
കൃപയാൽ നരനായ് താണതിനാൽ
ശിഷ്യർ തൻപാദം കഴുകി
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ - ഗദ്യം***

ശിഷ്യന്മാരെല്ലാവരും, ഇളയവൻ മുതൽ മൂത്തവൻ വരെ കഴുകപ്പെട്ടു. ശെമഓന്റെ അടുക്കൽ താൻ എത്തിയപ്പോൾ; കർത്താവേ! നീ എന്റെ പാദങ്ങൾ കഴുകരുതേ, എന്നവൻ പറഞ്ഞു. അപ്പോൾ കർത്താവ് അവനോട്, നീ എന്റെ ഹിതത്തിനെതിരായ് നിൽക്കുന്നുവെങ്കിൽ നിനക്ക് എന്നോടൊരുമിച്ച് ഒഹരിയില്ല - എന്ന് അരുളിച്ചെയ്തു. കീപ്പാ ഭ്രമിച്ച് തന്നോട്, എന്റെ തലയും എന്റെ ശരീരവും കൂടെ കഴുകി വെടിപ്പാക്കണമേ എന്നു പറഞ്ഞു.

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ദൈവം സീനായ് മലയിൽവച്ച് വലിയവനായ മോശയോട് മേഘത്തിലും അന്ധതമസ്സിലും സംസാരിച്ചപ്പോൾ അവനെ മഹത്വവും തേജസ്സും ധരിപ്പിച്ചു. തന്റെ യോഗ്യതയേറിയ മഹത്വദർശനത്താൽ മോശയെ തേജസ്സണിയച്ചവൻ ഇന്നു മാളികയ്ക്കുള്ളിൽ വച്ച് കുനിഞ്ഞു നിന്നുകൊണ്ട് താൻ തിരുമനസ്സായി, നമ്മിൽ നിന്നുള്ളവനായ്ത്തീർന്നു കൊണ്ട് തന്റെ ദാസന്മാരുടെ പാദങ്ങൾ കഴകി.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>എത്രോ</u>

<u>വീണ്ടും കോലോ</u>

***(അഗ്നിമീയന്മാരീറേരും ..)***

യൂദാ-ഘാതക തൻ പാദം
അൻപൊടു കഴുകുന്നിഹ നാഥൻ
വിസ്മയ-മേറ്റം കാണികളിൽ
അവനുടെ മെയ് കറ നീ കഴുകി
  തൻ കരളിൻ ചതി മാലിന്യം
  ലവലേശം പൊയിട്ടില്ല
  ഹാലേലുയ്യാ ഉ ഹാലേലുയ്യാ
പ്രീത്യാ നീ നരനായതിനാൽ
ദാസർ തൻ പാദം കഴുകി
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

വീഞ്ഞും നീരും കാസായിൽ
ചേർത്തു പരൻ സ്തുതിയും ചൊല്ലി
ശുദ്ധീകരണം ചെയ്തേകി-
ട്ടവരോടേവം കല്പിച്ചാൻ
  ഹാലേലുയ്യാ ഉ ഹാലേലുയ്യാ
  ഇതു താൻ മമ ജീവിച്ചോര
  അഖിലനു-മിതു പാനം ചെയ്-വിൻ
എൻ മൃതി-യുഥാന സ്മരണം
ചെയ്-വീനിങ്ങനെ-യെന്നാളം

***അല്ലങ്കിൽ - ഗദ്യം***

കർത്താവേ! കൊലപാതകനായ യൂദായുടെ കാലുകളെ നീ പിടിച്ച് സ്നേഹപൂർവ്വം കഴുകിയത് എത്രയോ അത്ഭുതമാകുന്നു. അവന്റെ പുറമേയുള്ള ചെളി നീ തുടച്ചു കളഞ്ഞുവെങ്കിലും അവന്റെ

ഹൃദയത്തിൽ നിന്ന് അസൂയയാകുന്ന നിന്ദ്യമായ ചെളി കഴുകപ്പെട്ടില്ല. അവന് എന്നേക്കും ഹാ കഷ്ടം.
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

വെള്ളത്തിൽനിന്നും വീഞ്ഞിൽ നിന്നും കലർത്തിയ കാസാ താൻ എടുത്ത് അതേപ്പറ്റി സ്തോത്രം ചെയ്ത് അതിനെ ശുദ്ധീകരിച്ച് തന്റെ ശിഷ്യന്മാർക്ക് നൽകി. നിങ്ങളെല്ലാവരും ഇതിൽനിന്നും വാങ്ങി പാനം ചെയ്യുവിൻ. ഇത് എന്റെ ജീവനുള്ള രക്തമാകുന്നു. എന്റെ മരണത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും ഓർമ്മയ്ക്കായ് ഇപ്രകാരം നിങ്ങൾ ചെയ്വിൻ എന്ന് അവരോട് കല്പിച്ചു.

## ബോത്തെദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീ-ഡാ
താഴ്ചകളേറ്റം-ധന്യം നാ-ഥാ!
മെസ്രേൻ നാട്ടിൽ - രൂപിതമായ
പെസഹാ മേഷം പൂർണ്ണമതായി
ജീവന്മേഷം മെയ് ഖണ്ഡിച്ചു
പന്തിരു പേർക്കായ്-ഭാഗം ചെയ്താൻ
തൻ നിണമവരിൽ-മോദം ചേർത്തു

ദ്യുതി കെട്ടോനാം-വഞ്ചക യൂദാ
ചെയ്യും ദോഷം ബോധിച്ചില്ല
പന്തിരുപേർ തൻ ഗണമതു വിട്ടാൻ
ക്രൂശകരോടായ് - സഖ്യം ചേർന്നും
കാരണ-മെന്യേ-ഗുരുവെ-യൊറ്റി

ശ്രേഷ്ഠാചാര്യ - നീ വന്ദ്യൻ താൻ
സ്തോത്രം സർവം - ചേർന്നീടും തേ
യൂദസ്ഥാനം താഴ്ത്തീടാതെ
അവനെ-പ്രതി നീ യെത്ര സഹിച്ചു
താതൻ റൂഹാ-പോൽ - നീ വന്ദ്യൻ
നിൻവിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ അപ്രേമിന്റെ ബോവൂസൊ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണം അവകാശം രാജ്യേ
*ദേവാ! ദയ-യുണ്ടാകേണം*
*നാഥാ! കൃപതോന്നേണമൻപാൽ*
പാവന - മാമുയിരിൽ പൂപം
ശിഷ്യന്മാർ ഭക്ഷിച്ചുടനെ
മ്ശിഹാ തൻ സാക്ഷാൽ ദേഹം
അതുതാനെന്നവർ ബോധിച്ചു
വീഞ്ഞൊരു കാസായിൽ വീഴ്ത്തി-
ട്ടതു വാഴ്ത്തി - പാവനമാക്കി
ഉടനെ ചൊരിയാൻ നൽകിയതാ
മീ രുധിരത്തിൽ സ്തു-തി ചൊല്ലി ദേവാ!..

അഖിലർക്കായും ചൊരിയുന്ന
സാക്ഷാലെൻ നിണ-മിതു തന്നെ

സർവരു-മിതു പാനം ചെയ്-വീൻ
നവമാം-നിയമമിതെൻ മൃതിയിൽ
നിങ്ങൾ കാണുന്നതുപോലെ
പള്ളിക്കുള്ളിൽ ചേരുന്ന
അഖില സഭകൂട്ടങ്ങളിലും
ഇതു ചെയ്-വീനെൻ സ്മ-രണയ്ക്കായ്, ദേവാ!..

സ്തുതി തേ സ്വർഗ്ഗത്തിൽ നാഥാ!
ഭീകര സ്രാപ്പികൾ കീർത്തിപ്പൂ
കാദീശ് കാദീശാർക്കുന്നു
തവ ശ്രേഷ്ഠത-യനിശം വന്ദ്യം
വിനയത്താൽ കഷ്ടത മരണം
പേറാൻ നിൻ കൃപ വന്നിങ്ങ്
സ്തുതി തേ ദോഷികൾ തൻ പക്കൽ
നിൻ തുണകൾക്കതിരി-ല്ലൊട്ടും ദേവാ!..

സൃഷ്ടക്കഴകും ശോഭയുമാം
നിൻ സൃഷ്ടികൾ സ്തുതി ചെയ്യുന്നു
നിൻ മെയ് രുധിരം ഭക്ഷിച്ചോ-
രെല്ലാരിൽ നിന്നും സ്തുതിതേ
താത സുതാത്മാവാമേകൻ
സർവേശാ-തേ സ്തുതിയനിശം
പാപികളാ-മെങ്ങൾക്കെന്നു
പാപഹരം ചെയ്തീ-ടണമെ ദേവാ!...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണം അവകാശം രാജ്യേ ദേവാ! ..

**പെസഹാ കൗമാ**

**പഴയ നിയമ വായനകൾ**

| | |
|---|---|
| പുറപ്പാട് | 12 : 1 - 11 |
| ലേവ്യപുസ്തകം | 16 : 3 - 10 |
| ഹസ്ക്കിയേൽ | 48 : 18 -25 |

**പെസഹാ കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ

മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശൂദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈഒക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായി രിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**പെസഹാ വ്യാഴാഴ്ച ആറാം മണി - ഉച്ച നമസ്കരം**

**പെസഹാ കൗമാ**

<u>എനിയോനൊ</u>

*(ഏമൊദ്കീസൊ)*

തന്മരണ-സ്മരണയ്ക്കായി ശിഷ്യർക്ക്
തനുരക്തങ്ങൾ സസ്നേഹം നൽകിയ
*ദേവാ! ദയ-യുണ്ടാകേണം*
*നാഥ! കൃപതോന്നേണമൻപാൽ*
വാനതിലീറേന്മാർ ശൂശ്രൂഷിക്കെ
പാപിനിതൈലം-പൂശിച്ചോൻ മന്നിൽ
*ദേവാ! ദയ-യുണ്ടാകേണം*
കനിവൊടുമാ-നവനായ്, പാപം പോക്കാൻ
തൻ തിരുമെയ്യും-നിണവും തന്നോനെ
*ദേവാ! ദയ-യുണ്ടാകേണം*
ഞങ്ങൾക്കായ് തനുരക്തങ്ങൾ നൽകി
മൃതിയില്ലായ്മയെ നൽകിയവൻ വന്ദ്യൻ
*ദേവാ! ദയ-യുണ്ടാകേണം*
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
കൃപനിറയും മ്ശിഹാ നിൻ ക്ലേശത്താൽ
സഭതൻ കൊമ്പി-ന്നുന്നതി നൽകേണം
*ദേവാ! ദയ-യുണ്ടാകേണം*
*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## പ്രുമിയോൻ - സെദറ

### കോലോ

ഈ പെരുന്നാൾ ദിവസത്തിൽ ശിഷ്യന്മാർ യേശു തമ്പുരാനെ സമീപിച്ച് താല്പര്യത്തോടെ സംസാരിച്ചു. കണ്ടാലും മോശ മെസ്രേമിൽ വച്ച് കഠിനനായ ഫറവോനിൽ നിന്നും എബ്രായജനത്തെ രക്ഷിച്ചപ്പോൾ നിന്നെപ്പറ്റി സൂചിപ്പിച്ചിരുന്നതായ കുഞ്ഞാട് ഇതാ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.

*ബാറെക്മോർ - ശുബഹോ*

ഇസ്രായേലിനു സത്യത്തിന്റെ നിഴലായി മോശ എഴുതിയിട്ടുള്ള പെസഹായാകുന്ന അത്താഴം ഒരുക്കുവാൻ രണ്ടു ശിഷ്യന്മാർ അയക്കപ്പെട്ടു. മോശയാലും പ്രവാചകന്മാരാലും എഴുതപ്പെട്ടിട്ടുള്ള സർവ്വവും നിറവേറ്റുവാൻ സകല സൃഷ്ടികളുടേയും നാഥനു വസിപ്പാൻ ഭവനം അവർ ചോദിച്ചു

*മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

നമ്മുടെ കർത്താവും തന്റെ പന്തിരുവരും മാളികയിൽ ഭക്ഷണത്തിനിരുന്നു. താൻ അപ്പം എടുത്തു റൂശ്മാ ചെയ്ത് ശ്ലീഹന്മാർക്കു നൽകി. സ്തോത്രത്തോടെ കാസായും കലർത്തി, കടങ്ങളുടെ പരിഹാരത്തിനായി എല്ലവർക്കും വേണ്ടി നല്കപ്പെടുന്ന ജീവനുള്ള രക്തമാകുന്നു, എന്ന് കല്പിച്ചു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### വീണ്ടും കോലോ

സ്നേഹത്തോടെ എഴുന്നെള്ളി മനുഷ്യനായിത്തീരുകയും മാളികയിൽ വച്ച് ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ഭക്ഷിക്കുകയും നാശത്തിൽ ജീവിച്ചിരുന്ന ആദാമിനെ രക്ഷിക്കുകയും ചെയ്ത ഏകജാതനായ ദൈവത്തെ നാം സ്തോത്രം ചെയ്തു വന്ദിക്കണം.

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

സത്യ ഇടയാനായുള്ളോനെ! നിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയിട്ടുള്ള രക്തത്താൽ രക്ഷിക്കപ്പെട്ടിട്ടുള്ള സഭ നിന്നോട് അപേക്ഷിക്കുന്നു. നിന്റെ താഴ്മയാൽ എന്റെ കർത്താവേ! നിന്റെ സമാധാനവും ശാന്തിയും അതിൽ വസിപ്പിക്കണമേ. എല്ലവരും അവനവന്റെ നിലയിൽ നിന്റെ കൃപയേ സ്തേത്രം ചെയ്യും.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡ
താഴ്ചകളേറ്റം-ധന്യം നാഥാ!

ദിവ്യൻ കുഞ്ഞാ-ടിന്നാൾ പെസഹാ
ഭക്ഷിക്കുന്നു-മോശേ! നോക്കൂ
ദൃഷ്ടാന്തങ്ങൾ-നിർമ്മിച്ചോനേ!
ആ മാളിക-ത-ന്നത്താഴത്താൽ
നിറവേറി നിൻ-സാമ്യം കാൺക

നാഥാ നിൻ മുൻ-കുറിരോധിച്ചു
സംഹാരകനേ-യിസ്രേലീന്നും
കർത്താവേ നിൻ-മെയ് രക്തങ്ങൾ
സഭയതിനാക-ട്ടെ വൻകോട്ട
പാപങ്ങൾക്കേ-കണമേ മുക്തി

സ്വരൂപത്തിൽ-സൃഷ്ടിച്ചോനേ
പങ്കപ്പാടാൽ-രക്ഷിച്ചോനേ
പാർത്താലെല്ലാ-നേരത്തും താൻ
നാമാത്യന്തം-കീർത്തിക്കേണം
തന്നേവിട്ടോൻ-വാഴ്ത്തപ്പെട്ടോൻ

നിൻവിധി ചെയ്തോർ -വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

**മോർ യാക്കോബിന്റെ ബൊവുസോ**

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥന കേട്ടിട്ടാത്മക്കളിലൻപുണ്ടാകേണം ദേവാ!..

ഈയപ്പം മമതനുവെന്നോതി ആർ കൈയ്ക്കൊള്ളും
കൈയ്ക്കൊള്ളാത്തോനില്ലിഹ പാർത്താൽ ശ്ലീഹാ സ്ഥാനം
ശ്ലീഹന്മാരേവം തിന്നതിനെ-ത്താനുള്ളപ്പോൾ
ജീവൻ നില്ക്കെ താൻ മൃതനായെന്നവർ ബോധിച്ചു ദേവാ!..

ജീവൻ പോകാതെങ്ങിനെയപ്പം മെയ്യായ്ത്തീരും
ജീവൻ പോകാതെങ്ങിനെതൻ മെയ് ശ്ലീഹർക്കേകി
ഹതനല്ലായ്കിൽ എങ്ങിനെതീർന്നാർ ഹതനെപ്പെലെ
ജീവൻനില്ക്കാതാരവിടെ തൻമെയ് ഭാഗിച്ചു ദേവാ!..

ഭക്ഷിപ്പോൻ തൻ മെയ്യവരമ്പേ ഭക്ഷിക്കുന്നു
കല്പിക്കുന്നോൻ തൻ രക്തമതും പാനംചെയ്-വൂ
സംസാരിക്കുന്നോനേ ഹതനെന്നോർത്തീടുന്നു
ശിഷ്യർക്കെല്ലാം ഭക്ഷണമായോൻ കൂടുണ്ടോർത്താൽ ദേവാ!..

നിബി വാക്യങ്ങൾ നിറവേറ്റിയവൻ താതൻ സ്തുത്യൻ
തൻമെയ്യും തൻ രക്തമതും പന്തിരുവർക്കായ്
ഭക്ഷിപ്പാനായ് കല്പിച്ചേകിയ പുത്രൻ വന്ദ്യൻ
നിസ്സന്ദേഹം പരിശുദ്ധാത്മാവിനെ വന്ദിക്കാം ദേവാ!..

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യെ
യൂദന്മാരെ! നിങ്ങളെ നിലയം സർവ്വം ശൂന്യം ദേവാ!..

**ഏവൻഗേലിയോൻ**

***വി. മർക്കോസ് 14 : 1-2 + വി. ലൂക്കോ 7 : 36 50***

**പെസഹാ കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ (മൂന്നു പ്രാവശ്യം)
മ്ശിഹോ ദബുപെസഹൊശ്രോയ്ലേ
മറുപെസഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ

നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബ്ബൂക് ഈഠക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായിരിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**പെസഹാ വ്യാഴാഴ്ച - ഒൻപതാം മണി നമസ്കരം**

**പെസഹാ കൗമാ**

<u>എനിയോനൊ</u>

*(ഹൗദ് ഉഹദേനേ ..)*

വന്ദ്യൻ മ്ശിഹാ-തൻ ശ്രേഷ്ഠത താഴ്ത്തി
ശിഷ്യർ പാദം ക്ഷാളിച്ചും
വിനയ ഗുണം കാണിച്ചോനെ!
വന്നേൻ സ-വിധേ കൃപചെയ്യണമെ

വന്ദ്യൻ പ്രകൃതൻ-കഷ്ഠത ചേരാത്തോൻ
ആദാമ്യർ തൻ രക്ഷയ്ക്കായ്
ഹിതമൊടു പീഡയ്ക്കാഗതനെ!
വന്നേൻ സ-വിധേ! കൃപ ചെയ്യണമെ

പരനാം വന്ദ്യൻ-നരജാതം ചെയ്തി-
ട്ടാഗതനായ് പാടേറ്റതിനാ-
ലെങ്ങടെ കുറ്റം തീർത്തോനെ!
വന്നേൻ സ-വിധേ! കൃപ ചെയ്യണമെ

സ്വർഗ്ഗാധീശാ-സഭയൊടു കനിയണമെ!
എല്ലാ ഭിന്നത ശണ്ഠകളും
കോപത്താ-ഡന ശിക്ഷകളും
രോധിക്ക-ണമേ - നിൻ കൃപയാൽ
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*
അൻപൊടു നാഥാ! പുണ്യം നൽകണമെ!
താവക കപയേ! വാഴ്ത്തീടാൻ
നിൻ ദയവാമുയിരിൻ സോപ്പാൽ
ഞങ്ങളുടെ കറകൾ-പോക്കണമെ

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

<u>പ്രുമിയോൻ - സെദറൊ</u>

<u>കോലോകൾ</u>

*മ്ശീഹോ നാതാറാഹ് ല ഈത്തോ ..*

കരതാരതിലബ്ധി വഹിപ്പോൻ
നിന്നു ജലം താലേ വീഴ്ത്തി
ഭാസുര - മായോരാ - ടധരൻ
തന്നരയോടു റൂമാൽ ചേർത്തു
ദാഹകനാമീ ജീവാഗ്നി വാനോരിൽ ഭ്രമമേകുന്നോൻ
ശിഷ്യർ മുമ്പിൽ തല താഴ്ത്തി
സ്തുത്യം തൻ വിനയം ആഴി തന്നുള്ളങ്കൈയ്യിൽ
കേവല മല്പ ജലത്താലേ
ശൂദ്ധീകൃതമാം - സഭയധുനാ സ്തുതി പാടുന്നു
*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

പ്രേക്ഷിത ശ്രേഷ്ഠൻ ശീമോനെ!
ക്ഷാളനമതിനായ് വിളി ചെയ്തീശൻ
മാഹാത്മ്യം കണ്ടൊരു ശീമോൻ
ഗുരു കഴുകാൻ ഭീയൊടു ഞെട്ടി
പിന്മാറി, ച്ചൊന്നെൻ പാദം
കഴകരുതീശാ! പ്രതി ചൊന്നാൻ ഗുരുവും
മതി സഹജാ തവ പാഴ്-വാക്കും നൽകുക പാദം കഴുകട്ടെ
നിന്നെ കഴുകായ്കിൽ എന്നോടന്യൻ നീയാകും
ഉത്തരമുര ചെയ്താൻ ശീമോൻ കഴുകുക കൈയാൽ
മമ, ശിരസ്സും-ഞാൻ നിന്റേതാം

***അല്ലങ്കിൽ - ഗദ്യം***

<u>കോലോകൾ</u>

തന്റെ പ്രബലതയാൽ സമുദ്രങ്ങൾ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നവൻ എഴുന്നേറ്റ് പ്രത്രത്തിൽ വെള്ള മൊഴിച്ചു. പുറംകുപ്പായം പോലെ പ്രകാശം ധരിച്ചിരിക്കുന്നവൻ അരയിൽ തൂവാല ചുറ്റി. ജീവനു ള്ളതും ദഹിപ്പിക്കുന്നതുമായ അഗ്നിയായവൻ തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാൻ കുനിഞ്ഞു. ഈറേന്മാർ തന്റെ പ്രഭയാൽ വറയ്ക്കവേ, ശെമഓന്റെ മുമ്പിൽ തന്റെ തലയെ ചായിച്ചു. തന്റെ താഴ്മയ്ക്കു സ്തുതി. ആഴങ്ങൾ തൃക്കൈയ്യാൽ ബന്ധിക്കപ്പെട്ടിരുക്കവെ, അല്പജലത്താൽ തിരുസ ഭയെ താൻ വെടിപ്പാക്കി. അവൾ ഇതാ നിനക്കു സ്തുതി പാടുന്നു.

*ബാറെക്മോർ - ശുബഹോ - മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ*

ശ്ലീഹന്മാരിൽ മുമ്പനായ ശെമഓനോടു നീ അടുത്തുവരിക. ഞാൻ നിന്റെ കാലുകൾ കഴുകട്ടെ എന്നു കർത്താവ് അരുളിച്ചെയ്തു. ശെമഓൻ തന്റെ പ്രഭാവത്തെ കണ്ട് ഭ്രമിച്ചു, ഭയപ്പെട്ടു, കർത്താവേ! ഒരിക്കലും നീ എന്റെ കാലുകൾ കഴുകരുതേ എന്നു പറഞ്ഞു. താൻ അവനോടു ഞാൻ നിന്നെ കഴുകു ന്നില്ലെങ്കിൽ നീ എനിക്ക് അന്യനായിത്തീരും എന്നു പറഞ്ഞു. ശെമഓൻ ഉത്തരമായിട്ട് കർത്താവേ എന്റെ കാലുകളും കൈകളും തലയും കഴുകണമേ. ഞാൻ നിനക്കുള്ളവനായിത്തീരട്ടെ എന്നു പറ ഞ്ഞു.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>എത്രോ</u>

<u>ബോത്തെദ്ഹാശോ</u>

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

ആ നേരത്തിൽ-ചതിയൻ യൂദാ
എന്നതുമൂലം-പൊള്ളിയതില്ല
ഗുരു കഴുകിത്തൻ കറ നീക്കുന്നു
തൻചതിയതിനാൽ-പോകാഞ്ഞതിനാൽ
ഭൂവാനങ്ങൾ-അത്ഭുതമാർന്നു

ദാസനു പീഠം മന്നനു ജോലി
ഭാജനമേറ്റം കാമ്യം തന്നെ
വിനയത്തിന്റെ മഹതാം മർമ്മം
താതൻ സവിധേ-യേറീടാനായ്
നരരേ നാഥൻ-കാണിച്ചേവം

അജ നാഥന്നായ് - സ്തുതി ചെയ്തീടാം
കുഞ്ഞാടുകളെ-വീണയുമേന്തി
നിങ്ങൾ മൂലം സ്വയമേ ബലിയായി
തൻ മെയ് രുധിരാൽ-മോദം ദത്തം
താതനുമാത്മാവൊത്തും വന്ദ്യൻ

നിൻവിധിചെയ്തോർ - വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ ഞങ്ങളെയീശോ
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***അല്ലങ്കിൽ* - *ഗദ്യം***

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

വഞ്ചകനായ യൂദായുടെ കാലുകൾ കഴുകുകയും അവന്റെ മാലിന്യം വെടിപ്പാക്കുകയും ചെയ്തപ്പോൾ അവന് ഹാനി സംഭവിച്ചില്ല. അവന്റെ ഹൃദയത്തിലെ വഞ്ചന നീങ്ങിപ്പോകാഞ്ഞതിൽ ആകാശവും ഭൂമിയും അത്ഭുതപ്പെട്ടു.

ദാസന്മാർ ഭക്ഷണത്തിനിരിക്കുകയും രാജാവ് ശുശ്രൂഷിക്കുകയും ചെയ്ത ആ അത്താഴം എത്രയോ യോഗ്യതയേറിയതാകുന്നു. തന്റെ പിതൃസന്നിധിയിലേക്ക് മനുഷ്യരെത്തുവാൻ താഴ്മയുടെ മഹാരഹസ്യം താൻ അവരെ കാണിച്ചു.

നിർമ്മല കുഞ്ഞാടുകളേ, ആടുകളുടെ യജമാനനു നിങ്ങളുടെ കിന്നരങ്ങളാൽ സ്തുതി അർപ്പിപ്പീൻ. നിങ്ങൾക്കുവേണ്ടി താൻ സ്വയം ബലിയായിത്തീരുകയും തന്റെ തിരുശരീരരക്തങ്ങളിൽ നിങ്ങളെ യോജിപ്പിക്കുകയും ചെയ്തിരിക്കുന്നു. താൻ തന്റെ പിതാവിനോടു പരിശുദ്ധ റൂഹായോടും കൂടെ വന്ദ്യനാകുന്നു.

കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതേ.
*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## മോർ യാക്കോബിന്റെ ബൊവൂസോ

മ്ശീഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനെ
പ്രാർത്ഥന കേട്ടീട്ടാത്മാക്കളിലൻപുണ്ടാകേണം          ദേവാ!...

സുതദേവൻ തൻ വിനയം ബുദ്ധിയ്ക്കത്യത്ഭുതമാം
തൽ സ്ഥിതി-യതുപോൽ രൂപം ചെയ്-വാൻ ശക്തമതല്ലേ
ഭീതിതനാം ഞാനങ്ങേ, യെങ്ങിനെ സൂക്ഷിക്കേണ്ടു
എവിടെ ക്കണ്ടിട്ടാദരവോടു നിൻ ചരിതമുരയ്ക്കും          ദേവാ!...

അഗ്നി രഥം തേ സംഭ്രമമോടെ വാഴ്ത്തീടുന്നു
ശിഷ്യൻ താരേ ദാസനു താലം പേറുന്നിഹ നീ
ഗബ്രിയേലാദ്യർ നമ്രാനുതരായ് വന്ദിപ്പൂ തേ
ഹാ! മഹനീയം ശിഷ്യർ കാൽ നീ കഴുകീടുന്നു ദേവാ!...

പൗരോഹിത്യം രാജ്യം പ്രവചന മെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സർവം ശൂന്യം ദേവാ!...

***അല്ലങ്കിൽ - ഗദ്യം***

കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ദൈവപുത്രന്റെ താഴ്മ അത്ഭുതകരമാകുന്നു. യഥാസ്ഥിതിയിൽ തന്റെ രൂപത്തെ ചിത്രീകരിക്കുവാൻ കഴിയുന്നവൻ ഇല്ല. കർത്താവേ! ഞാൻ നിന്നിൽ സൂക്ഷിച്ചു നോക്കുവാൻ ഭയപ്പെടുന്നു. ഞാൻ എങ്ങനെ നിന്നെ കണ്ടു വന്ദിച്ച് നിന്റെ ചരിത്രം പ്രസ്താവിപ്പാൻ കഴിയും.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കണ്ടാലും നിന്നെ വാഴ്ത്തുന്നതിന് രഥം വെമ്പൽ കൊള്ളവേ, ഇവിടെ ദാസന്മാരുടെ പാത്രം ശിഷ്യന്മാരുടെ അടുക്കൽ നീ പിടിച്ചിരിക്കുന്നു. ഗബ്രീയേൽ ആദിയായവർ മുഖം കുനിഞ്ഞു നിന്നെ വന്ദിക്കവേ, ശെമവൂൻ ആദിയായവരുടെ കാലുകൾ നീ കഴുകുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

## ഏവൻഗേലിയോൻ

***ഹാശായുടെ കൗമ***

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
വിശ്വാസ പ്രമാണം

### പെസഹാ ഗീതം

രഹസ്യം രഹസ്യം ഉടയോനരുളി
രഹസ്യ-മെനിക്കും എൻ വീട്ടുകാർക്കും
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ഹാബേലാരേ-തിരുബലിയാലേ
രൂപീകരിച്ചോ-ആയതിവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ആചാര്യനായ-മൽക്കി-സദേക്ക്
പൂജിച്ചുവന്ന-യാഗമിവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

തരുവിൽ-പിറന്ന-കുഞ്ഞാടുമൂലം
ഇസഹാക്കിനേയും-വീണ്ടോനിവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

മെസ്രേൻ കടിഞ്ഞൂൽ-വിധിച്ചി-സ്രായേൽ
ജനത്തെ-രുധിരാൽ-വീണ്ടോനിവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ദൈവാ-ലയത്തിൽ മഹിമനിറഞ്ഞ്
ആമോസു-തനയൻ കണ്ടോ-നിവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ഏശായാ-നിബിക്ക് ദൂതൻ കൊടുത്ത
പാവ-നമാം തീ-ക്കനലു-മിതുതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ഹസ്ക്കിയെലാരേ-നരരൂ-പിയായി
തേരിൽകണ്ടോ-ആയതി-വൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

നിബിയർ-നിവഹം-തന്നാഗമനം
മുന്നറിയിച്ചാ-ദൈവ-മിവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ഏദനിലാദാം-രുചി-നോക്കാത്ത
ജീവതരുവിൻ-ഫലവും-ഇവൻതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

മരുഭൂമി-തന്നിൽ-ഇസ്രേല്യർക്ക്
കൊടുത്തോരു-ഗഗന-മന്നായിതുതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

ജ്ഞാനം-പണിത-ഗേഹത്തിലുള്ളോർ
തിന്നുകുടിക്കു-ന്നാഹാര-മിതുതാ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

വാങ്ങി-ഭുജിപ്പീൻ-കുടിപ്പിനെന്ന്
ഏശായ-ചൊന്ന ഭക്ഷ്യ-മിതുതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

മാളിക-യിൽവെ-ച്ചേശുമ്ശിഹാ
വാഴ്ത്തിക്കൊടുത്ത-ഭോജന-മിതുതാൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

സ്തുതിതാതന്നും-തൻ-ജനകന്നും
സ്തുതി റൂഹായ്ക്കും-എന്നേയയ്ക്കുമാമ്മീൻ
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

### പെസഹാ ഗീതം - മറ്റൊരു പരിഭാഷ

രഹസ്യം രഹസ്യം - കല്പിച്ചീശൻ
രഹസ്യമെനിക്കും-മെൻ വീട്ടുകാർക്കും
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

മൃതിയെക്കെടുത്തി-ട്ടാദാമിനു നൽ
പ്രാണൻ കൊടുത്ത-ഗാത്രവുമിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

സമുദ്രോദരത്തേ-ബലത്താൽ പകുത്തു
അടിത്തട്ടിൽ മാർഗ്ഗം-തെളിച്ചവനിവൻതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

ഈറേയഭോജ്യം-സ്വർഗ്ഗീയമന്നാ
മരുവിൽ മന്നാ-ഭുജിച്ചതുമിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

കൊലയ്ക്കായ് നയിക്കപ്പെ-ട്ടോരജമായ്
ഏശായകണ്ട-ദർശനമിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

നോക്കിപ്പാർക്കും-നാളിൽ നോഹ
പോതത്തിൽ മോദാൽ-കണ്ടതുമിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

പ്രഥമം പ്രത്യ-ക്ഷതയിൽ രഹസ്യേ
നാഥൻ നിയമിച്ച-നാളുമിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

അജത്തേ വധിച്ചു-രിപുവിൽനിന്നും
കിടയേ വിടർത്ത-പെരുനാളിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ

സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

ഇന്നേദിവസം-ഹർമ്മ്യേ മ്ശിഹാ
ശിഷ്യർസഹിതം-പെസഹാ ഭുജിച്ചു
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

യാക്കോബു സുതർക്കു-മരുവിൻ നടുവിൽ
കുടിപ്പാൻ കൊടുത്ത-ശൈലവുമിതുതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

സീനായ് മലമേൽ വന്നിങ്ങിറങ്ങി
മേഘസംതംഭേ-വസിച്ചോനിവൻതാൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

ഈ പെരനാളിൽ-ജീവനഗാത്രം
വിഭജിച്ചവനേ-നരരേ സ്തുതിപ്പിൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

മേടത്തിലീശ-തനയൻ ഹതനായ്
മേടം തന്നിൽ-പെസഹായജവും
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

ഭൂവാസികളെ!-സുതരക്തത്താൽ
വിടുവിച്ചവനേ-സുതുതി പാടിടുവിൻ
സ്വർഗ്ഗീയനായ-മണവാളാ! തേ
സ്തുതിയെന്നു ഞങ്ങൾ ഘോഷിക്കുന്നു

***********************

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 – വിശുദ്ധ ഗ്രന്ഥം)